# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിജയപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം. പി12/1551/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിജയപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം. പി12/1551/2022 തീയ്യതി: 25/07/2022

## കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-07-2022 | 13-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-07-2022 | 13-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായാ ആർ,ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീ ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശിവരാജ് പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ ടി എബ്രഹാം,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ആൽബിൻ സിറിയക്,ഓഡിറ്റർ
ശ്രീ ബിനീത് രാജൻ ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിസി ബേബി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ വി. റ്റി. സോമൻകുട്ടി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ ശ്രീകാന്ത് റ്റി. ആർ. | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ വി. കെ. രാജീവ് | സെക്രട്ടറി | 09-06-2020 | 17-07-2020 |
| ശ്രീ ശ്രീകാന്ത് റ്റി. ആർ. | സെക്രട്ടറി | 18-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡെന്നീസ് ജോർജ് | കൃഷി ഓഫീസർ | 01-04-2020 | 09-09-2020 |
| അനുമോൾ ജെ. | കൃഷി ഓഫീസർ | 12-10-2020 | 31-03-2021 |
| ഡോ. മെർലിൻ അലക്സാണ്ടർ | വെറ്റിനറി സർജൻ | 01-04-2020 | 01-07-2020 |
| ഡോ. ജേക്കബ് പി. ജോർജ് | വെറ്റിനറി സർജൻ | 02-07-2020 | 07-07-2020 |
| ഡോ. അനുമോദ് | വെറ്റിനറി സർജൻ | 08-07-2020 | 14-03-2021 |
| ഡോ. ജേക്കബ് പി. ജോർജ് | വെറ്റിനറി സർജൻ | 15-03-2021 | 31-03-2021 |
| ഡോ. റെക്സൺ പോൾ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2020 | 28-02-2021 |
| ഡോ. അച്ചു തോമസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-03-2021 | 31-03-2021 |
| ഡോ. ഉമാദേവി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ജയരാജ് എൻ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| രതീഷ് പി. ആർ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| അഞ്ജലി അരവിന്ദ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| കെ. വൈ. ഷംല | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| രമ്യ എൻ. സി. | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2020 | 31-03-2021 |
| ജയലക്ഷ്മി എൻ. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഹസീന അഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-05-2020 |
| ഷാലിനി വർഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു. 10.09.2020 മുതൽ 11.10.2020 വരെ കൃഷി ഓഫീസർ തസ്തിക ഒഴിവായിരുന്നു. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥന് 2020-21 വർഷം പ്രോജക്ട് ചെലവ് ഇല്ല.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Bineeth Rajan (Auditor, On 08-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-1 |
| 2 | വാര്‍ഷിക കണക്കുകളിലെ അപാകതകള്‍<br>Written By: Sivaraj P (Senior Grade Auditor, On 12-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 08-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 08-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-4 |
| 5 | വാര്‍ഷികപദ്ധതി അവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 12-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 12-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികള്‍<br>Written By: Emil T Abraham (Senior Grade Auditor, On 12-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 14-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 12-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-10 |
| 11 | പഞ്ചായത്തില്‍ ILGMS സോഫ്റ്റ്‌വെയര്‍ വിന്യസിക്കല്‍-അവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 12-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-11 |
| 12 | ILGMS പാസ്റ്റ് ഡാറ്റാ എന്‍ട്രി (PDE)- അപാകതകള്‍<br>Written By: Sivaraj P (Senior Grade Auditor, On 12-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-12 |
| 13 | ILGMS Outdoor Collection Controll Account ല്‍ 38195 /- രൂപ അവശേഷിക്കുന്നു<br>Written By: Bineeth Rajan (Auditor, On 13-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-13 |
| 14 | സാംഖ്യ രസീതുകള്‍ - പരിപാലനം / ഡിസ്‌പോസല്‍<br>Written By: Bineeth Rajan (Auditor, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-14 |
| 15 | ബാങ്ക് അക്കൗണ്ടുകളുടെ റീക്കണ്‍സിലേഷന്‍ - പൂര്‍ത്തിയായില്ല.<br>Written By: Bineeth Rajan (Auditor, On 13-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-15 |
| 16 | വൗച്ചര്‍ തയ്യാറാക്കി അക്കൗണ്ട് ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളില്‍ നിന്ന് തുക പിന്‍വലിക്കുന്നു<br>Written By: Bineeth Rajan (Auditor, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-16 |
| 17 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല. കുടിശ്ശിക പിരിച്ചെടുക്കാന്‍ | 1-17 |

| | | |
|---|---|---|
| | അവശേഷിക്കുന്നു.<br>Written By: Sunil Kumar G (Senior Grade Auditor, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | |
| 18 | കെട്ടിടങ്ങളുടെ വിനിയോഗം രേഖപ്പെടുത്തിയതിലും ഉപയോഗക്രമമനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചതിലും അപാകത<br>Written By: Sunil Kumar G (Senior Grade Auditor, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-18 |
| 19 | വാണിജ്യ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചതിൽ അപാകത<br>Written By: Sunil Kumar G (Senior Grade Auditor, On 13-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-19 |
| 20 | നികുതി പുനർ നിർണ്ണയിച്ചപ്പോൾ ഗണ്യമായ കുറവ്<br>Written By: Sunil Kumar G (Senior Grade Auditor, On 13-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-20 |
| 21 | മൊബൈൽ ടവറുകളിൽ നിന്ന് യഥാസമയം വസ്തു നികുതി ഈടാക്കുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-21 |
| 22 | ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 13-07-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 14-07-2022) | 1-22 |
| 23 | തൊഴിൽനികുതി - അപാകതകൾ<br>Written By: Bineeth Rajan (Auditor, On 12-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-23 |
| 24 | ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപ വിവരം ഉൾപ്പെടുത്തുന്നില്ല<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-24 |
| 25 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-25 |
| 26 | മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ ഈടാക്കിയില്ല – 140000 രൂപ നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-26 |
| 27 | വെറ്ററിനറി സർജൻ പ്രോജക്ട് നിർവ്വഹണത്തിൽ വിമുഖത കാണിക്കുന്നു<br>Written By: Bineeth Rajan (Auditor, On 12-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-27 |
| 28 | പാറമ്പുഴ പിഎച്ച്സിയിൽ ഓൺഗ്രിഡ് സോളാർ പവ്വർപ്ലാന്റ് സ്ഥാപിക്കൽ-പ്ലാന്റ് പ്രവർത്തനക്ഷമമല്ല<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-28 |
| 29 | സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കൾക്ക് ID കാർഡ് ലഭ്യമാക്കൽ-സർക്കാർ അനുമതിയില്ലാതെ പ്രൊജക്റ്റ് നടപ്പാക്കി<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-29 |
| 30 | തെരുവുവിളക്ക് AMC & റിപ്പയറിങ്ങ് -സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-30 |
| 31 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ലൈറ്റുകൾ പ്രവർത്തനരഹിതമായിട്ടും നിയമനടപടി സ്വീകരിച്ചില്ല<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-31 |

| | | |
|---|---|---|
| 32 | സ്ലീറ്റ് ടാപ്പുകളുടെ വാട്ടർചാർജ് - വാട്ടർ അതോറിറ്റിഡിമാന്റ് ചെയ്ത കുടിശിക തുകയുടെ കൃത്യത – അപാകത തുടരുന്നു<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 1-32 |
| 33 | കരാർ തീയതിയ്ക്ക് മുൻപുള്ള തീയതിയിൽ ഫോട്ടോസ്റ്റാറ്റ് മെഷീന് എഎംസി - ക്രമപ്രകാരമല്ല<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-33 |
| 34 | കമ്പ്യൂട്ടറുകൾക്കും അനുബന്ധഉപകരണങ്ങൾക്കും എഎംസി - കരാർ പൂർണ്ണമല്ല<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-34 |
| 35 | തെരുവുവിളക്ക് എല്ലാഅനുബന്ധസാമഗ്രികളോടും കൂടി വാങ്ങി സ്ഥാപിക്കൽ- വിതരണവിവരം ലഭ്യമായില്ല<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-35 |
| 36 | വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകൽ-വിനിയോഗവിവരം ലഭ്യമായില്ല<br>Written By: Maya R (Audit Officer, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-36 |
| 37 | അസിസ്ററൻ്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച<br>Written By: Shanti George (Asst. Audit Officer, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-37 |
| 38 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ നിന്ന് പിൻവലിച്ച തുകകളുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Shanti George (Asst. Audit Officer, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-38 |
| 39 | വിവിധ തനത് ഫണ്ട് ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാകാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Ambily M (Asst. Audit Officer, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-39 |
| 40 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 8000രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-40 |
| 41 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 11200 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-41 |
| 42 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ചു .<br>Written By: Emil T Abraham (Senior Grade Auditor, On 12-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-42 |
| 43 | ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-43 |

| | | |
|---|---|---|
| 44 | തൊഴിലുറപ്പ് പദ്ധതി - രേഖകളുടെ / ഫയലുകളുടെ പരിശോധന- പൊതു അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-44 |
| 45 | നട്ടാശ്ശേരി UPS കളിസ്ഥലത്ത് സ്റ്റേഡിയം നിർമ്മാണം - അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-45 |
| 46 | ലൈഫ് പദ്ധതി- അവലോകനം<br>Written By: Albin Cyriac (Auditor, On 13-07-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 1-46 |
| 47 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Ambily M (Asst. Audit Officer, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-47 |
| | ഭാഗം **2** | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ ഈടാക്കിയില്ല – 140000 രൂപ നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 13-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 12-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 12-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Bineeth Rajan (Auditor, On 05-03-2022) | 4-4 |
| 5 | വായ്പ/വായ്പ തരിച്ചടവ്<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Bineeth Rajan (Auditor, On 05-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 11-07-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Bineeth Rajan (Auditor, On 05-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Bineeth Rajan (Auditor, On 05-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: C R Beenakumary (Deputy Director, On 25-07-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 19/03/2020 ലെ 1(1)-ാം നം. തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 15.02.2021 ലെ 2(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 51462511 | 79224504 | 53,354,893/- |
| വരവ് | 185764500 | 187579500 | 87,748,930/- |
| ആകെ | 237227011 | 266804004 | 141,103,823/- |
| ചെലവ് | 225017500 | 203597000 | 96,879,466/- |
| നീക്കിയിരിപ്പ് | 12209511 | 63207004 | 44,224,357/- |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 178,224,904/- രൂപയും ചെലവ് 193,584,141/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 15,359,237/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 101,737,774/- രൂപയും ബാധ്യതകളുടെ മൂല്യം 27,332,413/- രൂപയും ആകെ ജനറൽ ഫണ്ട് 74,405,361/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകങ്ങളിലെ മുന്നിരിപ്പ് കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പ്ലാൻ ഫണ്ട് പ്രോജക്റ്റുകളുടെ ചെലവ് റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ഓരോ ഫണ്ടുകൾക്കും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു.
3. 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം 340200199-Other Deposits ശീർഷകത്തിലെ നീക്കിയിരിപ്പ് 25,000/- രൂപ റോഡ് കട്ടിങ്ങ് ഡെപ്പോസിറ്റ് ആയിരിരുന്നു (ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം). ടി തുക 340100401-Road Cutting-Deposit ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
4. ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച തുകയിൽ നിന്ന് ചെലവഴിച്ച 1.26 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകിയതായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗുണഭോക്തൃ വിഹിതം ഫണ്ടിന്റെ വിനിമയം വ്യക്തമാക്കുന്ന എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതം മുന്നിരിപ്പ്, 2020-21 ലെ വരവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യതയും വിശദാംശവും ലഭ്യമല്ല.
5. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്ന നിക്ഷേപങ്ങളുടെ കൃത്യമായ ഉദ്ദേശ്യം, പ്രോജക്റ്റ് നം., പ്രോജക്റ്റ് പൂർത്തീകരണ വിവരം എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചില്ല.
6. കോവിഡ്-19 ലോക്ക് ഡൗൺ മൂലം 33,646/- രൂപ വാടക ഒഴിവാക്കി നൽകിയത് അക്കൗണ്ടിങ്ങ്

ക്രമീകരണം നടത്തി ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല (Written Off). ആയതിനാൽ 31/03/2021 ലെ ബാലൻസ് ഷീറ്റിൽ ടി തുക ലഭിക്കാനുള്ള വാടകയായി അവശേഷിക്കുന്നു.

7. സർക്കാർ/മറ്റ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8. അക്രുവൽ വരവിനങ്ങൾക്ക് മുൻകൂർ ലഭിച്ച തുക 31/03/2021 ബാലൻസ് ഷീറ്റ് (ബി-9) പ്രകാരമുള്ളതിന്റെ കൃത്യത ഡിമാന്റ് രജിസ്റ്ററിലൂടെ വ്യക്തമാക്കിയിട്ടില്ല. ടി തുകകൾ ഏത് വർഷത്തേക്ക് ഏത് കുത്തകക്കാരൻ ഒടുക്കിയതാണ് എന്നത് വ്യക്തമല്ല.
9. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.
10. കൃത്യമായ രേഖകളുടെ അഭാവത്തിലും ആസ്തി അക്കൗണ്ടിങ്ങ് പൂർത്തിയാക്കാത്തതിനാലും ആസ്തികളുടെ സഞ്ചിത മൂല്യശോഷണം തുകയുടെ കൃത്യത വ്യക്തമല്ല. 31/03/2021 വരെ ആകെ 5.4 കോടി രൂപയുടെ സുസ്ഥിര ആസ്തിയാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 31/03/2021 വരെയുള്ള സഞ്ചിത ആസ്തിമൂല്യ ശോഷണം 3.9 കോടി രൂപയുമാണ്. 2020-21 വർഷം മാത്രം 1.33 കോടി രൂപയുടെ ആസ്തി മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യതയും വ്യക്തമല്ല.
11. 31/03/2021 ലെ വാഹനത്തിന്റെ സഞ്ചിത മൂല്യശോഷണം ആസ്തി തുകയിൽ അധികരിച്ചിരിക്കുന്നു. 262,215/- രൂപയുടെ ആസ്തിക്ക് 350,470/- രൂപ സഞ്ചിത മൂല്യശോഷണം അക്കൗണ്ട് ചെയ്തിരിക്കുന്നു.
12. Prior Period Income ആയി കുടിശിക ഡിമാന്റിൽ ക്രമീകരിച്ച വസ്തുനികുതി തുക 8,597/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
13. 2020-21 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴവനും ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. 1.91 കോടി രൂപ റോഡ് കോൺക്രീറ്റിങ്ങ് റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷം ചെയ്ത റോഡ് ആസ്തികൾ മുഴവനായും 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
14. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
15. കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ പ്രകാരം(51/21-75,780/-,52/21-46,480/-) ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃ വിഹിതം ചെലവ് വാർഷിക കണക്കിലും സുലേഖ ചെലവ് പത്രികയിലും അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ 160300206 ശീർഷകത്തിലും സുലേഖ ചെലവ് പത്രികയിലും പ്രോജക്ട് ചെലവ് ശീർഷകങ്ങളിലും പ്രസ്തുത ചെലവ് പ്രതിഫലിച്ചിട്ടില്ല.
16. Capital Work In Progress ശീർഷകത്തിൽ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. പാർട്ട് ബിൽ നൽകുന്ന ആസ്തികളുടെ വിവരവും ഫൈനൽ ബിൽ ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.
17. നിക്ഷേപ പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ പ്രോജക്ട് നം.10/21 പ്രകാരം നിക്ഷേപിച്ച 13.15 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ(460500201) അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിലെ 31/03/2021 ലെ നീക്കിയിരിപ്പിൽ മേൽപറഞ്ഞ തുകയുടെ കുറവ് പ്രതിഫലിക്കുന്നു.
18. നിക്ഷേപ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.-യിൽ പ്രോജക്ട് നം.12/21, 405/21 പ്രകാരം നിക്ഷേപിച്ച 718,532/-രൂപ നിക്ഷേപ ശീർഷകത്തിൽ(460500202) അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിലെ 31/03/2021 ലെ നീക്കിയിരിപ്പിൽ മേൽപറഞ്ഞ തുകയുടെ കുറവ് പ്രതിഫലിക്കുന്നു.
19. നിക്ഷേപ പ്രവൃത്തികൾക്ക് ഭൂജല വകുപ്പിൽ പ്രോജക്ട് നം.360/21 പ്രകാരം നിക്ഷേപിച്ച 1.4 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ (460500204) അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത

നിലനിൽക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിലെ 31/03/2021 ലെ നീക്കിയിരിപ്പിൽ മേൽപറഞ്ഞ തുകയുടെ കുറവ് പ്രതിഫലിക്കുന്നു.

20. 2020-21 വർഷത്തെ പ്രോജക്ട് ചെലവുകളിൽ ചിലത് കൃത്യമായ ശീർഷകങ്ങളിൽ ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ഉദാഹരണമായി പ്രോജക്ട് നം.53/21 പ്രകാരമുള്ള പാൽ സബ്സിഡി 4 ലക്ഷം രൂപ മിൽക്ക് റൂട്ട് (250120302) എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
21. മേഖലാടിസ്ഥാനത്തിലുള്ള പ്രോജക്ട് ചെലവുകളുടെ വർഗ്ഗീകരണം സുലേഖ ചെലവ് പത്രികയിലുള്ളത് വാർഷിക കണക്കിൽ കൃത്യമായ മേഖലകളിൽ പ്രതിഫലിച്ചിട്ടില്ല. ഉദാഹരണമായി മേഖല തിരിവ് ഇല്ലാത്ത 3/21 നം. പ്രോജക്ട് IKM-ന് വിഹിതം 74,130/- ഒടുക്കൽ സേവന മേഖലയിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.
22. നൂറുദിന തൊഴിൽ പൂർത്തിയാക്കിയവർക്കുള്ള 1.25 ലക്ഷം രൂപയുടെ ചെലവ് 253100101-Total Poverty Alleviation ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. State Sponsored Scheme ചെലവായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
23. തൊഴിലുറപ്പ് പദ്ധതി ഓഫീസ് ചെലവുകൾക്ക് നൽകിയ മുൻകൂർ തുക 460500399, 460500801 എന്നീ രണ്ട് ശീർഷകങ്ങളിലായി അക്കൗണ്ട് ചെയ്തിരിക്കുന്നു. 460500801 എന്ന ശീർഷകത്തിൽ മാത്രമായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
24. മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി.) നൽകിയ മുൻകൂർ തുക 460500501,460100199 എന്നീ രണ്ട് ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ 460500501-Advance To Implementing Officers ശീർഷകത്തിൽ മാത്രമായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
25. തെരുവുനായ നിയന്ത്രണത്തിന് 2 ലക്ഷം രൂപ ജില്ല കുടുംബശ്രീ മിഷന് നൽകിയതും 24/09/2019-ൽ ANERT ൽ നിക്ഷേപിച്ച 6,215/- രൂപയും 460500501-Advance To Implementing Officers ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത ഡെപ്പോസിറ്റുകൾ അതാത് ഏജൻസികളുടെ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
26. വൈദ്യുതി ചാർജ്, വെള്ളക്കരം, ടെലിഫോൺ ചാർജ് എന്നിങ്ങനെയുള്ള ആവർത്തന ചെലവുകൾ അക്രൂവൽ അടിസ്ഥാനത്തിൽ Payable ആയി അക്കൗണ്ട് ചെയ്യാനുള്ള പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എങ്കിലും 350109999-Amount Payable To Other Creditors ശീർഷകത്തിലാണ് ശമ്പളം ഒഴികെയുള്ള തനത് ഫണ്ട് ചെലവുകളെല്ലാം Payable ആയി അക്കൗണ്ട് ചെയ്തത്.
27. മഴക്കാലപൂർവ്വ ശുചീകരണത്തിനായി 3.8 ലക്ഷം രൂപ അഡ്വാൻസ് നൽകിയത് 460509901-Advance To Others ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 460500501-Advance To Implementing Officers ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. 460509901 ശീർഷകത്തിലെ 78,781/- രൂപ നീക്കിയിരിപ്പിന്റെ വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല.
28. എയിംസിൽ ഇ-സബ്മിഷൻ നടത്തിയ വാർഷികകണക്കുകളിലെ ഇൻകം & എക്സ്പെൻഡിച്ചർ, റെസീപ്റ്റ് & പെയ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഓഡിറ്റ് ചെയ്ത ILGMS കണക്കുകളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 53,354,893/- |
| ഓഡിറ്റ് വർഷത്തെ വരവ് | 87,748,930/- |
| ആകെ | 141,103,823/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96,879,466/- |

| | |
|---|---|
| നീക്കിയിരിപ്പ് | 44,224,357/- |
| വരവിനങ്ങളിലുള്ള നഷ്ടം | 140000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2769919 |

1-4 ഫണ്ട് വിനിയോഗം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18,572,000/- | 18,572,000/- | 13,664,824/- | 4,907,176/- | 73.58 |
| വികസന ഫണ്ട്-SCSP | 0 | 7,409,000/- | 7,409,000/- | 4,129,760/- | 3,279,240/- | 55.74 |
| വികസന ഫണ്ട്- TSP | 0 | 245,000/- | 245,000/- | 32,515/- | 212,485/- | 13.27 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 5,700,000/- | 5,700,000/- | 1,597,600/- | 4,102,400/- | 28.03 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 9,369,089/- | 9,369,089/- | 7,008,201/- | 2,360,888/- | 74.80 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 12,931,000/- | 12,931,000/- | 12,053,207/- | 877,793/- | 93.21 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 4,282,000/- | 4,282,000/- | 2,336,243/- | 1,945,757/- | 54.56 |
| ICDS ഫണ്ട് | 1,666,474/- | 780,408/- | 2,446,882/- | 661,265/- | 1,785,617/- | - |
| പകർച്ചവ്യാധി നിർമ്മാർജ്ജന ഗ്രാന്റ് | 0 | 2,486,246/- | 2,486,246/- | 2,486,246/- | 0 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 2,905,312/- | 2,905,312/- | 306,300/- | 2,599,012/- | - |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 415,457/- | 415,457/- | 415,457/- | 0 | - |
| സമ്പൂർണ്ണ ശുചിത്വ ഫണ്ട് | 1,400,000/- | 0 | 1,400,000/- | 0 | 1,400,000/- | - |
| പി.ബി.ഐ.ജി. ഫണ്ട് | 0 | 174,227/- | 174,227/- | 0 | 174,227/- | - |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 1510928 | 0 | 1510928 | 0 | 1510928 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 31700 | 0 | 31700 | 0 | 31700 | |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം അങ്കണവാടി ഹോണറേറിയം ഇനത്തിൽ 15.33 ലക്ഷം സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. വികസന ഫണ്ട് (പൊതുവിഭാഗം), വികസന ഫണ്ട്(SCSP) ബജറ്റ് അലോട്ട്മെന്റിന് പുറമേ 19/02/2021 ലെ G.O.(Rt) No.1604/2021/Fin പ്രകാരം യഥാക്രമം 55.58 ലക്ഷം, 12.16 ലക്ഷം എന്നിങ്ങനെ അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ബജറ്റ് അലോട്ട്മെന്റ് 57 ലക്ഷം രൂപയ്ക്ക് പുറമേ 18/02/2021 ലെ G.O.(Rt) No.1512/2021/Fin പ്രകാരം 3,669,089/- രൂപ 2019-20 വർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ഗ്രാന്റിനത്തിൽ അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ വിശദീകരിക്കുന്നു.

| സർക്കാർ ഗ്രാന്റ് -ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (G.O. Project) | ആകെ അറ്റ അലോട്ട്മെന്റ് (ACR) |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 13,014,000/- | 5,558,000/- | 18,572,000/- | 402/21-1,533,000/- ആകെ-1,533,000/- | 17,039,000/- |
| വികസന ഫണ്ട്-SCSP | 6,193,000/- | 1,216,000/- | 7,409,000/- | ഇല്ല | 7,409,000/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 4,282,000/- | ഇല്ല | 4,282,000/- | EVM Fees ആകെ-43,309/- | 4,238,691/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 5,700,000/- | 3,669,089/- | 9,369,089/- | ഇല്ല | 9,369,089/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ജി.ഒ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) എന്നിവയുടെ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഒഴികെയാണ് ആകെ അലോട്ട്മെന്റായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നത്.
- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ അലോട്ട്മെന്റ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- ചെലവ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ഓരോ ചെലവുകളും കൃത്യമായി മേഖല തിരിച്ച് ILGMS-ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
- മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡിൽ നിന്ന് വോട്ടിങ്ങ് മെഷീൻ വാടക 43,309/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തത് ജി.ഓ. പ്രോജക്ടായി അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ ടി ചെലവ് ഗ്രാന്റ് പത്രികയിലും എ.സി.ആർ-ലും പ്രതിഫലിച്ചിട്ടില്ല. ഗ്രാന്റ് പത്രിക/ACR നീക്കിയിരിപ്പിൽ സ്രോതസ്സിൽ കുറവ് ചെയ്ത 43,309/- രൂപ ഉൾപ്പെടെയാണ് നിലനിൽക്കുന്നത്.
- ICDS ഫണ്ട് ആകെ ചെലവ് പ്രോജക്ട് നം.30/21 പ്രകാരം 661,265/- രൂപയായിരുന്നു. പ്രസ്തുത ചെലവിൽ 328,641/- രൂപയുടെ ചെലവ് ഇരട്ടിപ്പ് വന്ന് 989,909/- രൂപ ചെലവഴിച്ചതായി ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. അപാകത നിലനിൽക്കുന്നതിനാൽ ICDS ഫണ്ട് നീക്കിയിരിപ്പിൽ 328,641/- രൂപയുടെ കുറവ് പ്രതിഫലിക്കുന്നു.
- ശുചിത്വ മിഷൻ ഫണ്ടിന്റെ 2020-21 വർഷത്തെ ആകെ ചെലവ് പ്രോജക്ട് നം.101/21,245/21 എന്നിവ

പ്രകാരം 306,300/- രൂപയാണ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം ശുചിത്വ മിഷൻ ഫണ്ടിന്റെ ചെലവ് 330,300/- രൂപയാണ്. 24,000/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. ടി വ്യത്യാസം ഫണ്ടിന്റെ നീക്കിയിരിപ്പിൽ കുറവായി പ്രതിഫലിക്കുന്നു.

- 06/02/2021 ലെ സ.ഉ.(സാധാ) നം.1058/2021/ധന പ്രകാരം ലഭിച്ച ബാലൻസ് ഓഫ് ഗ്യാപ്പ് ഫണ്ട് 388,561/- രൂപ ലഭിച്ചത് Other Purpose Fund ആയി ചലഞ്ച് ഫണ്ട് അക്കൗണ്ട് ചെയ്ത ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ടി തുക റവന്യൂ ഗ്രാന്റ് ശീർഷകമായ General Purpose Fund ആയി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
- മഴക്കാലപൂർവ്വ ശുചീകരണത്തിന് 2020-21 വർഷത്തെ 1.9 ലക്ഷം രൂപ ലഭിച്ചത് Total Sanitation Scheme എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. PBIG ഫണ്ടിനൊപ്പം 1.9 ലക്ഷം രൂപയും ഉൾപ്പെടെയാണ് 31/03/2021 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത്. 2019-20 വർഷത്തെ 1.9 ലക്ഷം രൂപ ലഭിച്ചത് Other Govt. Agency Fund എന്നാണ് അക്കൗണ്ട് ചെയ്തത്.

വികസന ഫണ്ടിന്റെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും കണക്കുകളിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

2020-21 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 07/01/2020 ലും പദ്ധതി രൂപീകരണത്തിനായുള്ള ഗ്രാമസഭകൾ 25/01/2020 മുതൽ 02/02/2020 വരെയും നടക്കുകയുണ്ടായി. ഊരുകൂട്ടയോഗം 24/02/2020-ൽ നടന്നു. 02/03/2020 തീയതിയിലെ വികസന സെമിനാർ 2020-21 വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. വാർഷിക പദ്ധതിക്ക് 12/02/2021 തീയതിയിലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം നല്കി. വാർഷികപദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 357 | 240 | 167,231,381/- | 66,341,939/- | 39.67 |

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയും പഞ്ചായത്തിൽ 13 നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ അടങ്കൽ, ചെലവ് വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 21 | 16 | 7,539,213/- | 3,669,798/- |
| 2 | വെറ്ററിനറി സർജൻ | 6 | 1 | 2,895,000/- | 50,000/- |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 12 | 7 | 1,513,000/- | 857,437/- |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 1 | 400,000/- | 200,000/- |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 370,000/- | 369,576/- |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 0 | 2,970,000/- | 0 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30 | 20 | 37,854,999/- | 6,519,160/- |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 4,997,300/- | 4,197,919/- |
| 9 | സെക്രട്ടറി | 44 | 26 | 33,048,040/- | 9,222,757/- |
| 10 | ഹെഡ് മാസ്റ്റർ | 7 | 3 | 1,180,000/- | 77,480/- |
| 11 | അസിസ്റ്റന്റ് എൻജിനീയർ | 208 | 151 | 71,586,969/- | 39,933,457/- |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 847,210/- | 571,621/- |

| | | | | | |
|---|---|---|---|---|---|
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 2,029,650/- | 672,734/- |
| | ആകെ | 357 | 240 | 167,231,381/- | 66,341,939/- |

അംഗീകാരം ലഭിച്ച ആകെ 357 പ്രോജക്ടുകളിൽ 240 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 39.67 ശതമാനം ചെലവഴിക്കുകയുണ്ടായി. വകയിരുത്തുന്ന തുകയെക്കാൾ വളരെ കുറച്ചുമാത്രം ചെലവഴിക്കുന്നതിൽ നിന്ന് തുകയുടെ ലഭ്യതയ്ക്ക് ആനുപാതികമായല്ല പ്രോജക്ടുകൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാകുന്നു.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചത്. എന്നാൽ മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാതിരുന്നത് പദ്ധതി നിർവ്വഹണത്തിലെ ഗുരുതര വീഴ്ചയാണ് എന്നത് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സ്ത്രീകൾ, കുട്ടികൾ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ എസ്.സി, എസ്.ടി വിഭാഗങ്ങൾ എന്നിവർക്ക് സേവനം നല്കാനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടപ്പിലാക്കിയത്. ലൈഫ് ഭവനപദ്ധതി, വീട് വാസയോഗ്യമാക്കൽ തുടങ്ങിയ പ്രോജക്ടുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയിട്ടുണ്ട്.

റോഡുകളുടെ കോൺക്രീറ്റിംഗ്,ടാറിംഗ് തുടങ്ങിയ പ്രോജക്ടുകൾ അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം. വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

<u>സർക്കാർ ഗ്രാന്റുകൾ 1.77 കോടി രൂപ ലാപ്സായി</u>

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം രൂപയുടെ സർക്കാർ ഗ്രാന്റുകൾ 2020-21 വർഷം ലാപ്സാവുകയുണ്ടായി.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 18,572,000/- | 13,664,824/- | 4,907,176/- |
| വികസന ഫണ്ട്-SCSP | 7,409,000/- | 4,129,760/- | 3,279,240/- |
| വികസന ഫണ്ട്- TSP | 245,000/- | 32,515/- | 212,485/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ്-Tied | 5,700,000/- | 1,597,600/- | 4,102,400/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ്-Untied | 9,369,089/- | 7,008,201/- | 2,360,888/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 12,931,000/- | 12,053,207/- | 877,793/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 4,282,000/- | 2,336,243/- | 1,945,757/- |
| ആകെ | 58,508,089/- | 40,822,350/- | 17,685,739/- |

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ശ്രദ്ധചെലുത്തിയിരുന്നതിനാലാണ് സർക്കാർ ഗ്രാന്റ് ലാപ്സാകുന്ന സാഹചര്യമുണ്ടായത് എന്നാണ് 13/07/2022 ൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ വൈസ് പ്രസിഡന്റ് മറുപടി നൽകിയത്. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-6 തൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 27 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 216 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 97 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 63 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 37718 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1673 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവൃത്തി, തോട് ആഴം കൂട്ടൽ, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2020-21 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (ക്യാഷ് ബുക്ക് പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 633961 |
| വരവ് | ഇ.എഫ് എം.എസ് വരവ് | 14964613 | 18684046 |
| | ക്യാഷ് വരവ് പലിശ ഉൾപ്പെടെ | 413883 | |
| വരവ് മുന്നിരിപ്പ് ഉൾപ്പെടെ | | | 16012457 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 11381397 | 16011682 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 317080 | |
| | ഉപകരണങ്ങളുടെ വില, വാടക | 3266136 | |
| | തനതു ഫണ്ട് അഡ്വാൻസ് (തിരികെ നൽകിയത്) | 1047069 | |
| നീക്കിയിരുപ്പ് | | | 775 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കും ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4468500 | 226 |
| വിധവാപെൻഷൻ | 18604600 | 962 |
| വാർദ്ധക്യകാലപെൻഷൻ | 46886400 | 2632 |
| വികലാംഗപെൻഷൻ | 6102500 | 319 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 1037400 | 55 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

07.07.2022 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9087 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.
ഗ്രാമപഞ്ചായത്തിന്റെ ഡേബുക്ക് ക്യാഷ് ബാലൻസും ക്യാഷ് ബുക്ക് ബാലൻസും തമ്മിൽ 15375/- രൂപയുടെ വ്യത്യാസം ഉള്ളതായി കാണുന്നു. 2021-22 വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിലേയ്ക്കായി പ്ലാൻ വൗച്ചർ ജനറേറ്റ് ചെയ്യുമ്പോൾ ക്യാഷ് ബുക്കിൽ 15375/- രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുള്ളതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/13.07.2022) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു. അപാകത പരിഹരിക്കുന്നതിന് ഐ.കെ.എം.ൽ പരാതി രജിസ്റ്റർ ചെയ്തതായും അറിയിച്ചു. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.ഗ്രാമ പഞ്ചായത്തിൽ 01/10/2020 മുതൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി/നികുതിയേതര കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.
ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് കാരണമായ വിവിധ വിഷയങ്ങളിലെ നിയന്ത്രണ സംവിധാനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ചട്ടത്തിലെ പ്രസ്തുത നിർദ്ദേശം പാലിക്കേണ്ടതാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/21 | 6/21 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2016 | 2011-12 മുതൽ 2015-16വരെ | എൽ.ബി.(എച്ച്.ക്യൂ) 118A-2435/38 തീ 31.5.16 |

## 1-11 പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കൽ-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, സേവനങ്ങൾ, ഫയൽ നീക്കം, അക്കൗണ്ടിങ് തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യുന്നതിനായി 2020-21 വർഷം മുതൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്. വിവിധ സോഫ്റ്റ്‌വെയറുകൾ മുഖേനയും മാന്വലായും നടത്തിയിരുന്ന പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഒറ്റ സോഫ്റ്റ്‌വെയർ മുഖേന കൈകാര്യം ചെയ്യുന്നതിനാണ് ILGMS ഓൺലൈനായി പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ

വിവിധ സോഫ്റ്റ്‌വെയറുകളിൽ പ്രവർത്തിച്ചിരുന്നതും കൈകാര്യം ചെയ്തിരുന്നതുമായ ഡേറ്റാബേസുകൾ ഓഡിറ്റ് വർഷം ILGMS-ന്റെ ഭാഗമായിട്ടില്ല. 2020-21 വർഷം 01/10/2020 തീയതി മുതലാണ് വിജയപുരം ഗ്രാമപഞ്ചായത്തിൽ ILGMS ഓൺലൈനായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയറിലെ പ്രവർത്തന വിശദാംശം, വേർഷനും പ്രാബല്യ തീയതിയും (Version & Effect Date), നിയന്ത്രണങ്ങൾ (Controls), മുൻഗണനകൾ (Previleges), ഡേറ്റാബേസുകൾ (Database) തുടങ്ങിയ വിവരങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ല. ആയതിനാൽ സംസ്ഥാന തലത്തിൽ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ഓഡിറ്റ് വകുപ്പ് വാലിഡേറ്റ് ചെയ്തിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, അനുബന്ധമായ എല്ലാ ചട്ടങ്ങളും സോഫ്റ്റ്‌വെയറിൽ കൈകാര്യം ചെയ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വിധേയമാക്കിയിട്ടുണ്ടോ എന്നും സംസ്ഥാനതലത്തിൽ പരിശോധന നടത്തിയിട്ടില്ല. സോഫ്റ്റ്‌വെയറിന്റെ എല്ലാ വിവരങ്ങളും പഞ്ചായത്ത് വകുപ്പ് IKM-ന്റെ സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സോഫ്റ്റ്‌വെയറിന്റെ വാലിഡേഷനും സോഫ്റ്റ്‌വെയർ ഓഡിറ്റും സംസ്ഥാനതലത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. സോഫ്റ്റ്‌വെയറിന്റെയും അതിന്റെ വിവിധ വേർഷനുകളുടെയും വാലിഡേഷൻ സംസ്ഥാനതലത്തിൽ നടത്തുന്നതിന് വിധേയമായിട്ടാണ് ILGMS സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത് പഞ്ചായത്ത് സമർപ്പിച്ച 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

### 1-12 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി (PDE)- അപാകതകൾ

വിജയപുരം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം 01/10/2020 മുതലാണ് ILGMS ഓൺലൈനായി പ്രവർത്തനം തുടങ്ങിയത്. സാമ്പത്തിക വർഷത്തെ 01/04/2020 മുതൽ 30/09/2020 വരെയുള്ള ഇടപാടുകൾ സാംഖ്യയിലും 01/10/2020 മുതൽ 31/03/2021 വരെയുള്ള ഇടപാടുകൾ ILGMS ലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2020-21 വാർഷിക ധനകാര്യ പത്രിക ജനറേറ്റ് ചെയ്യുന്നതിന് 01/04/2020-ലെ തുടക്ക ബാലൻസ് ഷീറ്റും(Initial Balance Sheet) 01/04/2020 മുതൽ 30/09/2020 വരെയുള്ള സാംഖ്യയിലെ എല്ലാ ശീർഷകങ്ങളിലെയും ധനകാര്യ ഇടപാടുകളുടെ സംക്ഷിപ്തം Past Data Entry ആയി ILGMS-ലെ Finance Module ലേക്ക് PDE ജേർണൽ വൗച്ചർ മുഖേന ഒറ്റത്തവണയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി(Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.
2. 2020-21 വർഷം ലഭിച്ച സാനിട്ടേഷൻ ഗ്രാന്റ് 1,764,615/- രൂപ കോവിഡ് സംഭാവന 25,000/- രൂപ എന്നിവയുടെ വരവ് അക്കൗണ്ട് ചെയ്തിരുന്നത് PDE ചെയ്തപ്പോൾ വീണ്ടും ക്രമീകരണം നടത്തിയതിനാൽ വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നതിൽ ഇരട്ടിപ്പ് വന്നിരിക്കുന്നു. 1,789,615/- രൂപയുടെ വരുമാനം ഇരട്ടിപ്പായി ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ പ്രതിഫലിക്കുന്നു(I-6 ഷെഡ്യൂൾ).
3. I-4 ഷെഡ്യൂൾ Fees & User Charges ൽ 2,560/- രൂപയുടെ ഇരട്ടിപ്പ് വന്നിരിക്കുന്നു. 2,560/- രൂപയുടെ വരുമാനം ഇരട്ടിപ്പായി ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ പ്രതിഫലിക്കുന്നു.
4. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ആകെ ചെലവ് 01/04/2020 മുതൽ 30/09/2020 വരെ 33,017,238/- ആയിരുന്നത് ILGMS-ൽ Past Data Entry നടത്തിയപ്പോൾ 33,871,668/- എന്ന് കാണുന്നു. 854,430/- രൂപയുടെ ചെലവ് അധികമായി അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ ഉൾപ്പെടുത്തിയിരിക്കുന്നു. 1,789,615/- വരുമാനവും 854,430/- രൂപയുടെ ചെലവും അധികമായും ഇരട്ടിപ്പിലൂടെയും അക്കൗണ്ടിങ്ങ് അപാകത സംഭവിച്ചതിനാൽ Gross Surplus/Deficit തുകയിലും വ്യത്യാസം നിലനിൽക്കുന്ന വിധത്തിലാണ് Past Data Entry ചെയ്തിരിക്കുന്നത്.
5. Other Construction ആസ്തികൾ കുഴൽക്കിണർ(Bore-Well) എന്ന പേരിലാണ് ILGMS-ലെ ആസ്തിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്.

6. പ്ലാന്റ്, മെഷീനറി, ഉപകരണങ്ങൾ എന്നീ ആസ്തികൾ കമ്പ്യൂട്ടർ മുതലായവ ഐ.ടി. ആസ്തികൾ എന്ന ശീർഷകത്തിലാണ് ILGMS-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
7. തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ/പ്രോഫഷണൽ) എന്നിവയുടെ അക്രുവൽ ശീർഷകവും, വരവ് ആസ്തി ശീർഷകവും ILGMS-ൽ ഓരോ കാറ്റഗറിക്കും പ്രത്യേകം ശീർഷകമായപ്പോൾ ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായ വർഗ്ഗീകരണവും കണക്കും സൂക്ഷിക്കാതിരുന്നതിനാൽ വർഗ്ഗീകരിച്ച് അക്കൗണ്ട് ചെയ്യാൻ സാധിച്ചില്ല.
8. വസ്തുനികുതിയോടനുബന്ധിച്ച സർവ്വീസ് സെസ്സ് പാർപ്പിടാവശ്യത്തിനൊഴികെയുള്ള കെട്ടിടങ്ങളുടേത് സർച്ചാർജ് എന്ന ശീർഷകത്തിലാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
9. ഭൂമിയുടെ മൂല്യം ക്രിമറ്റോറിയം ഭൂമി എന്നാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. സിമന്റ് കോൺക്രീറ്റ് റോഡ്, കോൺക്രീറ്റ് ലെയ്ൻസ് എന്നീ ആസ്തികൾ പുതിയ റോഡുകൾ (New Roads) എന്ന ശീർഷകത്തിലാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
10. പ്ലാൻ ചെലവുകൾ അക്കൗണ്ട് ചെയ്തിരിക്കുന്ന ചെലവ് ശീർഷകങ്ങൾ പ്രോജക്ടുമായി ബന്ധമില്ലാത്ത ശീർഷകങ്ങൾ ആണ് എന്ന് കാണുന്നു. ഉദാഹരണമായി 198/21 നം. പ്രോജക്ട് പാലിന് സബ്സിഡി നൽകിയ തുക 147,210/- ഡെയറി സൊസൈറ്റികളിൽ കോൾഡ് സ്റ്റോറേജ് മെഷീനറി ചെലവിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
11. മേഖലാടിസ്ഥാനത്തിൽ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരുന്ന പ്ലാൻ ചെലവുകൾ അതാത് മേഖലാടിസ്ഥാനത്തിൽത്തന്നെ ILGMS-ൽ അക്കൗണ്ട് ചെയ്തിട്ടില്ല. സാംഖ്യയിൽ മെയിന്റനൻസിനായുള്ള പ്രോജക്ട് ചെലവുകളായി അക്കൗണ്ട് ചെയ്തിരുന്നത് പശ്ചാത്തല മേഖലയിലെ റവന്യൂ ചെലവായിട്ടാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
12. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ ക്യാപ്പിറ്റൽ വിഹിതം തുക Capital Reserve എന്ന പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

Past Data Entry യിൽ കണക്ക് ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/2020-21/12.07.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽവിവരിച്ച അപാകതകൾ കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തുടർവർഷം പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ മറുപടിയിൽ അറിയിക്കേണ്ടതാണ്. വിഷയം തിരിച്ച് കൃത്യമായ ശീർഷകങ്ങൾ (Specific Account Heads) ILGMS-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ പൊതു ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട ഇനങ്ങൾ കൃത്യമായ ക്രമീകരണം നടത്തേണ്ടതാണ്.

1-13 ILGMS Outdoor Collection Controll Account ൽ 38195 /- രൂപ അവശേഷിയ്ക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ILGMS Outdoor Collection Controll Account-ൽ 38195/- രൂപ Closing Balance കാണുന്നു. Ledger പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് ബുക്ക് നമ്പർ | രസീത് പ്രകാരം ഈടാക്കിയ തുക (രൂപ) |
|---|---|---|---|
| 1 | 24.11.2021 | 25503(1-5) | 7977 |
| 2 | 25.11.2021 | 25503(6-16) | 4136 |
| 3 | 27.11.2021 | 25503(17,18) | 1362 |
| 4 | 27.11.2021 | 22496(26-31) | 3350 |
| 5 | 27.11.2021 | 22496(32,33) | 2104 |
| 6 | 07.12.2021 | 25503(30-36) | 1900 |

| | | | |
|---|---|---|---|
| 7 | 08.12.2021 | 25502(1-3) | 8192 |
| 8 | 08.12.2021 | 25502( 4,5) | 1856 |
| 9 | 28.02.2022 | 22500(57-65) | 7318 |
| | | ആകെ | 38195 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/12.07.2022) മറുപടി ലഭ്യമാക്കിയില്ല. Controll Account ശീർഷകത്തിൽ തുക അവശേഷിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 സാംഖ്യ രസീതുകൾ - പരിപാലനം / ഡിസ്പോസൽ

01.10.2020 മുതൽ ILGMS സംവിധാനം നിലവിൽ വന്നതിനാൽ 8200291 മുതൽ 8208000 വരെയുള്ള സാംഖ്യ രസീതുകൾ ഉപയോഗമില്ലാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുകയാണ്. മേൽ രസീതുകളുടെ പരിപാലനം/ഡിസ്പോസൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ/ഉത്തരവുകൾ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. മേൽ രസീതുകൾ പരിപാലനം /ഡിസ്പോസൽ വ്യക്തത വരുത്തി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ - പൂർത്തിയായില്ല.

എസ് ബി ഐ വടവാതൂർ (36928702171) തനത് ഫണ്ട് അക്കൗണ്ടിന്റെ 09/21വരെയുള്ള റീക്കൺസിലേഷൻ പത്രിക മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 12/21 വരെയുള്ള റീക്കൺസിലേഷൻ പത്രിക പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/12.07.2022) ലഭ്യമാക്കിയ മറുപടിയിൽ റീകൺസിലിയേഷൻ നടത്തിയപ്പോൾ ഉണ്ടായ അപാകത പരിഹരിക്കുന്നതിന് Unreconcil നടത്തി വീണ്ടും റീകൺസിലിയേഷൻ നടത്തി വരികയാണെന്ന് അറിയിച്ചു. റീകൺസിലിയേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വൗച്ചർ തയ്യാറാക്കി അക്കൗണ്ട് ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് തുക പിൻവലിക്കുന്നു

രസീത് പരിശോധനയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കൽ, ILGMS-ൽ വൗച്ചർ തയ്യാറാക്കി ഇടപാട് അക്കൗണ്ട് ചെയ്യാതെയാണ് എന്ന് കാണുന്നു. ബാങ്ക് അക്കൗണ്ടുകളുടെ ഡിസംബർ-2021 റീക്കൺസിലിയേഷൻ പത്രികയിൽ തുക പൊരുത്തപ്പെടുത്തലിനായി "Directly Debited By Bank" എന്ന്, മുൻകാലങ്ങളിൽ ചെക്കുകൾ മുഖേന പിൻവലിച്ച തുകകൾ ക്രമീകരിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമനമ്പർ | ബാങ്ക് | അക്കൗണ്ട് നം. | ക്രമീകരിച്ച തുക (രൂപ) |
|---|---|---|---|
| 1 | എസ് ബി ഐ വടവാതൂർ 09/21 റീക്കൺസിലിയേഷൻ പത്രിക | 36928702171 | 7345094 |
| 2 | മാങ്ങാനം സർവ്വീസ് സഹകരണ ബാങ്ക് 12/21 റീക്കൺസിലിയേഷൻ പത്രിക | 1643 | 1626504 |
| 3 | കത്തോലിക് സിറിയൻ ബാങ്ക് 12/21 റീക്കൺസിലിയേഷൻ | 30804121641190001 | 97536 |

| | | | |
|---|---|---|---|
| | പത്രിക | | |
| 4 | സബ് ട്രഷറി അയർക്കുന്നം 12/21 റീക്കൺസിലിയേഷൻ പത്രിക | 799013000000449 | 8035481 |
| 5 | സബ് ട്രഷറി കോട്ടയം 12/21 റീക്കൺസിലിയേഷൻ പത്രിക | 799010100214978 | 1080 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-43 പ്രകാരം പേയ്മെന്റ് ചെയ്യുന്നത് പഞ്ചായത്തിൽ ഇടപാട് രേഖപ്പെടുത്തി ഇടപാടുമായി ബന്ധപ്പെട്ട രേഖകളെല്ലാം സെക്രട്ടറി ഉറപ്പാക്കിയ ശേഷമായിരിക്കണം. പേയ്മെന്റ് രേഖപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ചെക്ക് മുഖേന പഞ്ചായത്ത് ഫണ്ടിലെ പണം പിൻവലിക്കുന്നതിനും മേൽചട്ടങ്ങളുടെ ലംഘനത്തിനും വിശദീകരണം നൽകിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/12.07.22) ലഭ്യമാക്കിയ മറുപടിയിൽ പെയ്മെന്റുകൾ അപ്രൂവ് ചെയ്യുന്നതിൽ താമസം ഉണ്ടായതിനാലാണ് അപാകത സംഭവിച്ചതെന്ന് അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല. കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ പ്രധാന വരുമാനമായ വസ്തു നികുതിയിനത്തിൽ 2020-21 വർഷാന്ത്യം വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കുടിശ്ശിക ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക (31.03.2021) | സഞ്ചയ പ്രകാരം കുടിശ്ശിക (31.03.2021) |
|---|---|---|
| കറണ്ട് | 2363537 | 2770975 |
| അരിയർ | 1584432 | 1772234 |
| ആകെ | 3947969 | 4543209/- |

വാർഷിക ധനകാര്യ പത്രികയിലും സഞ്ചയയിലും കുടിശ്ശിക തുകയിൽ വ്യത്യാസം വരാനുള്ള കാരണം സംബന്ധിച്ചും വസ്തു നികുതി കാര്യക്ഷമമായി പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/12.7.2022) മറുപടി ലഭിച്ചില്ല. കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുത്ത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

1-18 കെട്ടിടങ്ങളുടെ വിനിയോഗം രേഖപ്പെടുത്തിയതിലും ഉപയോഗക്രമമനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചതിലും അപാകത

സഞ്ചയ സോഫ്റ്റ്വെയറിൽ പല കെട്ടിടങ്ങളുടെയും വിനിയോഗം രേഖപ്പെടുത്തിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന കെട്ടിടത്തിൽ കച്ചവടശാലകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2020-21-ൽ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചത് പാർപ്പിടാവശ്യത്തിന്റെ നിരക്കിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(I)

| | |
|---|---|
| ഉടമസ്ഥന്റെ പേര് | കെ.എസ്.ശശികുമാർ, കുമാർ ഫുഡ്സ് |

| | |
|---|---|
| കെട്ടിട നമ്പർ | X/467 |
| തറവിസ്തീർണ്ണം | 28 ച.മീ. |
| ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗക്രമം | ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | പാർപ്പിടാവശ്യത്തിന് ബാധകമായ നിരക്ക് ( 6/ച.മീറ്റർ) |
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്ററന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് (40/ച.മീറ്റർ) |

(Ii)

| | |
|---|---|
| ഉടമസ്ഥന്റെ പേര് | അഭിജിത്ത്.എം,<br>ബദേൽ ജിം & സ്പാ |
| കെട്ടിട നമ്പർ | XIII/23B |
| തറവിസ്തീർണ്ണം | 48 ച.മീ. |
| ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗക്രമം | ജിംനേഷ്യം |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | പാർപ്പിടാവശ്യത്തിന് ബാധകമായ നിരക്ക് (6/ച.മീറ്റർ) |
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് (40/ച.മീറ്റർ) |

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/12.7.2022) മറുപടി ലഭിച്ചില്ല. അപാകത പരിഹരിച്ച് നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്.

1-19 വാണിജ്യ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചതിൽ അപാകത

ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സിന്റെ വിവിധ കടമുറികളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതിന് പകരം വ്യത്യസ്ഥ കട മുറികളായി പരിഗണിച്ച് 100 ച.മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (M2) | ആകെ വിസ്തീർണ്ണം (M2) | നികുതി നിർണ്ണയത്തിന് ബാധകമാക്കിയ | നികുതി നിർണ്ണയത്തിന് ബാധകമാ |
|---|---|---|---|---|---|---|

| | | | | | നിരക്ക് (/ച.മീ.) | ക്കേണ്ടിയിരുന്ന നിരക്ക് (/ച.മീ.) |
|---|---|---|---|---|---|---|
| 1. | നാരായണൻ.ബി | I/3A | 55.93 | 111.86 | 40 | 60 |
| | | I/3B | 55.93 | | | |
| 2. | സുധീഷ്.എൽ.ആർ | III/60B | 53.77 | 89.35(*) | 40 | 60 |
| | | III/60 C | 10.43 | | | |
| | | III/60D | 25.15 | | | |
| 3. | ബെന്നി | IV/28A | 18.53 | 55.08(**) | 40 | 60 |
| | | IV/28B | 19.23 | | | |
| | | IV/28C | 17.32 | | | |
| 4. | സ്കറിയ.കെ.വി | VI/466A | 21.91 | 196.15 | 40 | 60 |
| | | VI/466B | 21.91 | | | |
| | | VI/466C | 26.06 | | | |
| | | VI/466D | 29.06 | | | |
| | | VI/466E | 29.25 | | | |
| | | VI/466F | 33.4 | | | |
| | | VI/466G | 33.4 | | | |
| 5. | ജോജിലാൽ | XI/86B | 70.8 | 168.98 | 40 | 60 |
| | | XI/86C | 98.18 | | | |

(*)കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിൽ ഉണ്ടായിരുന്നത് ഉൾപ്പെടെ ആകെ 648.83 ച.മീറ്റർ നിലവിലുണ്ട്.

(**)കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിൽ ഉണ്ടായിരുന്നത് ഉൾപ്പെടെ ആകെ 164.44ച.മീറ്റർ നിലവിലുണ്ട്.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/12.7.2022) മറുപടി ലഭിച്ചില്ല. മേൽ ചൂണ്ടിക്കാട്ടിയത് ഏതാനും ഉദാഹരണങ്ങൾ മാത്രമായതിനാൽ കൂടുതൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ ഇത്തരം അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

1-20 നികുതി പുനർ നിർണ്ണയിച്ചപ്പോൾ ഗണ്യമായ കുറവ്

XVIII/267 ബഥനി ആശ്രമത്തിന്റെ കീഴിലുള്ള 'ഹോളിസ്റ്റിക് ട്രീറ്റ്മെന്റ് ' എന്ന വാണിജ്യ സ്ഥാപനത്തിന് 2020-21 ൽ ഡി&ഒ ലൈസൻസ് ലഭിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടം സഞ്ചയയിൽ പാർപ്പിടാവശ്യം എന്ന ഗണത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ ടി കെട്ടിടത്തിന് 2018-19 വരെ അടിസ്ഥാന വസ്തു നികുതി 5238/- ആയിരുന്നു. 2019-20 മുതൽ 629/- രൂപയായി കുറഞ്ഞതായി കാണുന്നു. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/12.7.2022) മറുപടി ലഭിച്ചില്ല. നികുതി നിർണ്ണയം പരിശോധിച്ച് അപാകത സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-21 മൊബൈൽ ടവറുകളിൽ നിന്ന് യഥാസമയം വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്ന് യഥാസമയം വസ്തു നികുതി ഈടാക്കിയില്ല.

| ക്രമ നം. | ടവറിന്റെ പേര് | കെട്ടിട നമ്പരും വാർഡും | അവസാനം വസ്തു നികുതി ഒടുക്കിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 1. | BSS, കോട്ടയം | I/79 | 2009 |
| 2. | ഇൻഡസ് | VII/510A | 2020 |
| 3. | ഇൻഡ്യാ ടെലികോം | VIII/234 | 2020 |
| 4. | ഇൻഡസ് | IX/175 | 2020 |
| 5. | ഇൻഡ്യാ ടെലികോം | XV/81A | 2020 |

വസ്തു നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/12.7.2022) മറുപടി ലഭിച്ചില്ല. വസ്തു നികുതി യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

2020-21 വർഷം ഒക്യുപ്പൻസി ലഭിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ സംബന്ധിച്ച 9/7/2015 ലെ സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പാലിച്ചില്ല. പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയിട്ടുണ്ടെങ്കിൽ മാത്രം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യണമെന്ന് ടി ഉത്തരവിൽ നിർദ്ദേശിക്കുന്നു. സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/12.7.2022) മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശം പാലിച്ച് മാത്രം ഭാവിയിൽ കെട്ടിടങ്ങൾക്ക് നമ്പർ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 തൊഴിൽനികുതി - അപാകതകൾ

1) 2020-21വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മിനി മുത്തൂറ്റ് നിധി,വടവാതൂർ | 1,2 |
| 2 | വില്ലേജ് ഓഫീസ് ,മാങ്ങാനം | 2 |
| 3 | പി & എൻ സെറാമിക്സ് | 2 |
| 4 | കള്ള് ഷോപ്പ് നമ്പർ 3 മോസ്കോ | 2 |
| 5 | അനിൽസ് പൊളോണിക ബ്യൂട്ടി സലോൺ,വടവാതൂർ | 1,2 |
| 6 | ക്വാളിറ്റി സർവ്വീസസ് ,വടവാതൂർ | 1,2 |
| 7 | ഫെഡറൽ ബാങ്ക് , കളത്തിപ്പടി | 1,2 |
| 8 | പാർട്ട് ടൈം ലൈബ്രേറിയൻ,വിജയപുരം ഗ്രാമപഞ്ചായത്ത്. | 1,2 |
| 9 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,കളത്തിപ്പടി | 1,2 |

| | | |
|---|---|---|
| 10 | എസ് ഡി എ ഹൈസ്കൂൾ വടവാളൂർ | 1,2 |
| 11 | സാരം സെന്റർ ഫോർ ആയുർവേദം & ആർട്സ് കളത്തിപ്പടി | 1,2 |
| 12 | ടെക്നിക്കൽ അസിസ്റ്റന്റ് ,വിജയപുരം ഗ്രാമപഞ്ചായത്ത് | 1,2 |
| 13 | പ്രോപ്പർട്ടി സൊല്യൂഷൻസ് , താന്നിക്കപ്പടി | 1,2 |
| 14 | പ്രൈഡ് ഡിസ്ട്രിബ്യൂഷൻസ്,വടവാളൂർ | 1,2 |
| 15 | ജില്ലാ സാക്ഷരതാ മിഷൻ | 1,2 |
| 16 | നടുവത്ത് എന്റർപ്രൈസസ്,എസ് എച്ച് മൗണ്ട് | 1,2 |
| 17 | ജെ കെ ഹോസ്പിറ്റൽ,കളത്തിപ്പടി | 1,2 |
| 18 | ഇൻഡസ് ഇൻഡ് ബാങ്ക് | 1,2 |
| 19 | എച്ച് ഡി എഫ് സി ബാങ്ക് | 1,2 |
| 20 | വിവിധ മിൽക്ക് സൊസൈറ്റികൾ | 1,2 |
| 21 | വ്യവസായ വികസന ഓഫീസർ,പള്ളം ബ്ലോക്ക് | 1,2 |
| 22 | പട്ടികജാതി വികസന ഓഫീസർ,പള്ളം ബ്ലോക്ക് | 1,2 |

2) തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നഗരസ്വഭാവമുള്ള പ്രദേശങ്ങൾക്കൂടി ഉൾപ്പെട്ട പഞ്ചായത്തിൽ തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളും അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും നികുതി അടവാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3) സി സി ഹൗസ് വടവാളൂർ എന്ന സ്ഥാപനം ആദ്യ അർദ്ധവാർഷിക തൊഴിൽ നികുതിയായി 12250 രൂപയും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതിയായി 3200/- രൂപയും അടവാക്കിയതായി കാണുന്നു. തൊഴിൽ നികുതിയിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/11.07.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-24 ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപ വിവരം ഉൾപ്പെടുത്തുന്നില്ല

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന (ജി.ഒ(പി)നം-80/2017/LSGD, തീയതി-31/10/17, SRO No-674/2017 എന്നിവ പ്രകാരം) ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2020-21 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആയതിനാൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല.

പഞ്ചായത്ത് പരിധിയിൽ വരുന്ന പെട്രോൾ പമ്പുകളിൽ നിന്ന് കേവലം 1000 രൂപ മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് . സേവന മേഖലയിൽ വരുന്ന 50 ലക്ഷം മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങളിൽ നിന്ന് 5000 രൂപ വരെ ഈടാക്കാവുന്നതാണ്. ലൈസൻസ് അപേക്ഷയിൽ കേവലം 5 ലക്ഷം രൂപ മാത്രമാണ് മൂലധന നിക്ഷേപമായി സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളിലെ മൂലധന നിക്ഷേപം 5 ലക്ഷം രൂപ തന്നെയാണെന്ന് ഉറപ്പ് വരുത്തി തുടർ നടപടികൾ സ്വീകരിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 02/2020-21 തീയതി 07.07.2022) മറുപടി ലഭ്യമാക്കിയില്ല. അപേക്ഷകളിൽ മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട് എന്ന് അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2020-21 കാലയളവിലെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് , ഉടമയുടെ പേര് | വാർഡ് നമ്പർ , കെട്ടിട നമ്പർ |
|---|---|---|
| 1 | ജിൻസി മേരി തോമസ് വാട്ടർടാങ്ക് വ്യാപാരം | 18/436A |
| 2 | സുനി ഫിലിപ്പ് പെട്രോൾ പമ്പ് (IOC) | 15/4 |
| 3 | കെ വി സ്കറിയ , ഹാർഡ് വെയർ ഷോപ്പ് | 7/484,485 |
| 4 | കുരിയൻ എംകെ , കമ്പ്യൂട്ടർ സെയിൽസ് ആൻഡ് സർവീസ് | 18/560B |
| 5 | ഷിജോ പി ജോർജ് , കാർ കെയർ ആക്സസറീസ് | 7/323 |
| 6 | ബിനു സെബാസ്റ്റ്യൻ മത്സ്യ മാംസ വിൽപ്പന | 19/149 |
| 7 | ബിജു മാണി റബർ ട്രിപ്പ് നിർമ്മാണം | 4/57 |
| 8 | ഡി ഡി ആർ സി , ലാബ് | 14/353 |
| 9 | ആൻറണി ജോസഫ് , പ്ലാസ്റ്റിക് കുപ്പി നിർമ്മാണം | 4/45B |
| 10 | ജയ്മോൻ ജോസഫ് ഇലക്ട്രിക് ഉൽപന്നങ്ങളുടെ വിൽപന | 18/426 |

കൂടാതെ പഞ്ചായത്ത് പരിധിയിൽ വരുന്ന റേഷൻ കടകൾ , കള്ളുഷാപ്പുകൾ , ക്ഷീര സംഘങ്ങൾ തുടങ്ങിയവയിൽ നിന്നും 2020-21 വർഷങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02/തീയതി-07/07/22 ) കോവിഡ് രൂക്ഷം ആകുന്നതിന് മുൻപ് ലൈസൻസ് അപേക്ഷ സമർപ്പിച്ചിരുന്നെന്നും പിന്നീട് കോവിഡ് രൂക്ഷം ആയതിനെ തുടർന്ന് മേൽ സൂചിപ്പിച്ച ഭൂരിഭാഗം സ്ഥാപനങ്ങളും പ്രവർത്തനം അവസാനിപ്പിച്ചതിനാലുമാണ് ലൈസൻസ് ഫീസ് ഈടാക്കാൻ കഴിയാഞ്ഞത് എന്നും പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്നും മറുപടി നൽകി . മേൽ സൂചിപ്പിച്ച പട്ടികയിലെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്ന് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

ഇനി മുതൽ പഞ്ചായത്ത് പരിധിയിൽ വരുന്ന റേഷൻ കടകൾ , കള്ളുഷാപ്പുകൾ , ക്ഷീര സംഘങ്ങൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

### 1-26 മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ ഈടാക്കിയില്ല - 140000 രൂപ നഷ്ടം

വൈദ്യുതികൊണ്ടു പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണ പ്ലാന്റോ ഏതെങ്കിലും സ്ഥലത്ത് സ്ഥാപിക്കുവാൻ 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 12, 20, 21 എന്നിവ പ്രകാരം അനുവാദം നൽകുന്നതിന് ചുമത്താവുന്ന ഫീസ് ( ഇൻസ്റ്റലേഷൻ ഫീസ് ) പട്ടിക -3 ൽ സൂചിപ്പിച്ചിട്ടുണ്ട് . കൂടാതെ വൈദ്യുതികൊണ്ടു പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 12, 20 , 21 എന്നീ ചട്ടങ്ങൾ പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് ചുമത്താവുന്ന ഫീസ് ( മോട്ടോർ റണ്ണിംഗ് ഫീസ് ) പട്ടിക -3 ൽ സൂചിപ്പിച്ചിട്ടുണ്ട് . എന്നാൽ MRF ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 2020-21 വർഷത്തേയ്ക്കുള്ള ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനം 40000 HP യുടെ മോട്ടോർ ഉപയോഗിക്കുന്നതായി കാണുന്നു. എന്നാൽ 2019-20 കാലയളവിലെ ലൈസൻസ് രജിസ്റ്റർ , സ്ഥാപനത്തിന്റെ അപേക്ഷ എന്നിവ പ്രകാരം 33000 HP മാത്രമാണ് മോട്ടോർ കപ്പാസിറ്റി .

അതായത് 40000 HP യിൽ 7000 HP 2020-21 കാലയളവ് മുതൽ പുതിയതായി സ്ഥാപിച്ചിട്ടുള്ളതാണ് ബോധ്യമാകുന്നു .എന്നാൽ പുതിയതായി സ്ഥാപിച്ച യന്ത്രസാമഗ്രികൾക്ക് നിയമാനുസൃത മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ ഈടാക്കിയതായി കാണുന്നില്ല. 2020-21 കാലയളവിലും 33000 HP യ്ക്ക് ബാധകമായ ഫീസ് ഈടാക്കിയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത് . വിശദവിവരം ചുവടെ ചേർക്കുന്നു

<table>
<tr><th>മോട്ടോർ കപ്പാസിറ്റി</th><th>ഈടാക്കിയ ഫീസ്</th><th>ഈടാക്കേണ്ട ഫീസ്</th><th>ഈടാക്കിയതിൽ കുറവ്</th></tr>
<tr><td rowspan="3">40000 HP ( OLD- 33000 HP NEW - 7000 HP )</td><td rowspan="3">330000 ( 33000 HP യുടെ ഫീസ് )</td><td>മോട്ടോർ റണ്ണിംഗ് ഫീസ്- 400000</td><td rowspan="3">140000 ( ഇൻസ്റ്റലേഷൻ ഫീസ് - 70000 + മോട്ടോർ റണ്ണിംഗ് ഫീസ്- 70000</td></tr>
<tr><td>ഇൻസ്റ്റലേഷൻ ഫീസ് - 70000</td></tr>
<tr><td>ആകെ - 470000</td></tr>
</table>

നിയമാനുസൃതമായ മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -02/2020-21 തീയതി 07.07.2022) മറുപടി ലഭ്യമാക്കിയില്ല .

നിയമാനുസൃതമായ മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-27 വെറ്ററിനറി സർജൻ പ്രോജക്ട് നിർവ്വഹണത്തിൽ വിമുഖത കാണിക്കുന്നു

2020-21വാർഷിക പദ്ധതിയിൽ വെറ്ററിനറി സർജൻ 6 പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വിഭാവനം ചെയ്തിരുന്നുവെങ്കിലും മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയത്. 2895000/- രൂപ വകയിരുത്തിയതിൽ 50000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രോജക്ടിനായി വകയിരുത്തിയ തുകയിൽ 1.7% മാത്രമാണ് ചെലവഴിച്ചത്. മേൽ പ്രോജക്ടുകൾ 2021-22 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുമില്ല. മുട്ടക്കോഴി വിതരണം (42/2020-21) എന്ന പ്രോജക്ടിനായി പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം (52800) രൂപ ഗുണഭോക്താക്കൾക്ക് 2021-22 വർഷം തിരികെ നൽകിയതായി കാണുന്നു. മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/08.07.2022) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃവിഹിതം തെറ്റായി

പിരിച്ചെടുത്തതിനാലാണ് തിരികെ നൽകേണ്ടി വന്നതെന്ന് അറിയിച്ചു. കൂടാതെ 2020-21 വർഷത്തെ നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറി സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ലെന്ന് നിലവിൽ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ അറിയിച്ചു. കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആസൂത്രണ സാമ്പത്തിക വകുപ്പിന്റെ 18.05.2020 ലെ സ.ഉ.(കൈ) നം.14/2020/ആ.സാ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ പ്രോജക്ടുകൾ മൃഗസംരക്ഷണ ക്ഷീരവികസനമേഖലയിൽ വിജയപുരം പഞ്ചായത്ത് 2020-21 സാമ്പത്തികവർഷം വിഭാവനം ചെയ്തെങ്കിലും പ്രോജക്ടുകൾ നടപ്പാക്കാതിരുന്നത് ഗൗരവമായി ഓഡിറ്റ് വിലയിരുത്തുന്നു. കേരളത്തിലെ ഓരോ വ്യക്തിയും കുടുംബവും കാർഷിക ഭക്ഷ്യോൽപാദനമേഖലയിൽ പങ്കെടുക്കണമെന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിൽ വരുത്താൻ ആവശ്യപ്പെട്ട വർഷം തന്നെ ഒരു രൂപ പോലും ധനസഹായമായി മേൽ മേഖലയിൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പ്രോജക്ട് നടത്തിപ്പ് സംബന്ധിക്കുന്ന നടപടികൾ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളും മേൽനോട്ടം നടത്തേണ്ടതും ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-28 പാറമ്പുഴ പിഎച്ച്സിയിൽ ഓൺഗ്രിഡ് സോളാർ പവ്വർപ്ലാന്റ് സ്ഥാപിക്കൽ- പ്ലാന്റ് പ്രവർത്തനക്ഷമമല്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 189/21 |
| അടങ്കൽ | 500000/-(MG NR)+493785( തനത്ഫണ്ട്) |
| ചെലവ് | 470000/-(MG NR)(ബിൽനം 2/14-4-20) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് പാറമ്പുഴ പിഎച്ച് സിയിൽ 10 KW ഓൺഗ്രിഡ് സോളാർ പവ്വർപ്ലാന്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത ഇക്കോമേറ്റ് എനർജി സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് 19-7-2019ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. ഇൻവോയിസ് നം EES/2019-20/A-159 തീയതി 28-12-19പ്രകാരം 4,70,000/-രൂപ സ്ഥാപനത്തിന് നൽകിയിരുന്നു. പ്രസ്തുത സോളാർ പ്ലാന്റ് സ്ഥാപിച്ച് സ്ഥാപനം പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിരുന്നു. പ്ലാന്റിന്റെ ടെസ്റ്റിങ്ങ് നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 7-1-20ൽ കെഎസ്ഇബി, കോട്ടയം ഈസ്റ്റ് സെക്ഷനിലേക്ക് കത്ത് നൽകിയിരുന്നു. 23-1-20 ലെ കെഎസ്ഇബി അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പ്രകാരം സോളാർമീറ്ററിനടുത്ത് തന്നെ കെഎസ്ഇബി മീറ്റർ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ തുടർനടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. 12-7-21 ൽ നടത്തിയ സ്ഥലപരിശോധനയിൽ പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടില്ലായെന്ന് പിഎച്ച് സി അധികൃതർ അറിയിച്ചിട്ടുണ്ട്.



പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തതിനുള്ള സാങ്കേതിക തടസ്സം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം20/13.07.22)മറുപടി ലഭ്യമായില്ല. പ്ലാന്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,70,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കൾക്ക് ID കാർഡ് ലഭ്യമാക്കൽ- സർക്കാർ അനുമതിയില്ലാതെ പ്രൊജക്റ്റ് നടപ്പാക്കി

സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ട് നം 60/21 സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കൾക്ക് ID കാർഡ് ലഭ്യമാക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കൾക്ക് ID കാർഡ് ലഭ്യമാക്കുന്നതിനായി ക്വട്ടേഷൻ വിളിക്കുകയും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത സ്വാതി ഡിജിറ്റൽ ഫോട്ടോസ്, വടവാളൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ടി സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. 3986 ഐഡി കാർഡുകൾക്ക് 20/-രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും 79720/-(ചെക്ക് നം. 21643/16.11.20)രൂപ നൽകിയിരുന്നു. പ്രസ്തുത പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പ്രസ്തുത പ്രൊജക്റ്റ് നടപ്പാക്കാനുള്ള സർക്കാർ അനുമതി ലഭ്യമായിരുന്നില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/08.07.22)മറുപടിയായി കോർഡിനേഷൻ കമ്മറ്റിയിൽ നിന്നും അനുമതി ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

2. ആവശ്യമുള്ള ഐഡികാർഡുകളുടെ എണ്ണം ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നില്ല. തൻമൂലം ക്വട്ടേഷൻ നടപടിക്രമങ്ങൾ സുതാര്യമായിരുന്നില്ലായെന്ന് കാണുന്നു.

3. ലഭിച്ച 3986 കാർഡുകളുടെ വിതരണവിവരം ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിൽ 2020-21വർഷം വിവിധ സാമൂഹ്യസുരക്ഷാപെൻഷൻ വാങ്ങിയ ഗുണഭോക്താക്കൾ 3600പേർ മാത്രമാണ്. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത പ്രൊജക്റ്റ് നിർവ്വഹണത്തിന് സർക്കാർ അനുമതി ലഭ്യമല്ലാത്തതിനാലും വിതരണവിവരം ലഭ്യമല്ലാത്തതിനാലും ടിയിനത്തിൽ ചെലവഴിച്ച 79720/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 തെരുവുവിളക്ക് AMC & റിപ്പയറിങ്ങ് -സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 9/21 |
| അടങ്കൽ | 500000/-(CFC)+500000(തനത്ഫണ്ട്) |

| | |
|---|---|
| ചെലവ് | 499827/-(CFC)(ബിൽനം 45/27-1-21)<br>+199837/-( തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 2470 പോസ്റ്റുകളിലെ തെരുവിളക്കുകളുടെ റിപ്പയറിങ്ങിനും എഎംസിയ്ക്കുമായി ടെൻഡർ ക്ഷണിച്ചതിൽ വിനോദ്. റ്റികെ എന്ന കരാറുകാരന്റെ പോസ്റ്റ് ഒന്നിന് 468/- രൂപ എന്ന നിരക്ക് അംഗീകരിച്ചിരുന്നു. തെരുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും സംബന്ധിച്ച് 15-9-2011 ൽ 3055/2011/ ത സ്വ ഭ വ നമ്പരായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരം AMC യ്ക്കായി അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ കണ്ടെത്താവുന്നതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് സംബന്ധിച്ച് പഠനം നടത്തി വാർഷിക ചെലവ് വിലയിരുത്താതെയാണ് കരാർ അംഗീകരിച്ചിട്ടുള്ളത്.
2. കരാറുകാരൻ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കപ്പെടുന്നില്ല.
3. റിപ്പയറിങ്ങിനായി KSEBയുടെ മുൻകൂർ അനുമതി ലഭ്യമായിരുന്നില്ല
4. കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിരുന്നില്ല
5. വാർഡ് അടിസ്ഥാനത്തിൽ റിപ്പയറിങ് നടത്തിയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ , മെമ്പർമാരുടെ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കിയില്ല. രജിസ്റ്റർ കരാറുകാർ തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിൽ സൂക്ഷിക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടില്ല.

മുഴുവൻ വഴി വിളക്കുകളും റോഡ് ,പോസ്റ്റ് ,അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുകയും വാറന്റി കാലയളവ് ഉള്ളവ ഒഴിവാക്കുകയും ചെയ്ത ശേഷം മാത്രം കരാർ തയ്യാറാക്കേണ്ടതുമാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ സംരക്ഷണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതി പരിശോധന നടത്തി ശുപാർശകൾ സമർപ്പിക്കുകയും തുടർ നടപടികൾ നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്. റിപ്പയറിങ്ങിനായി KSEBയുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുമാണ്.

1-31 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ലൈറ്റുകൾ പ്രവർത്തനരഹിതമായിട്ടും നിയമനടപടി സ്വീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 59/21 |
| അടങ്കൽ | 600000/-( തനത്ഫണ്ട്) |
| ചെലവ്<br>ചെലവ്<br>രൂപ/ചെക്ക് നം. | 417355<br>300000/764450/02.12.20<br>10355/581629 /23.01.21<br>107000/581665<br>/10.02.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ മാധവൻ പടി, കല്ലുകാട്, ഉരുത്തേൽ കവല, സെമിനാരി റോഡ്, വലിയപറമ്പിൽ പടി എന്നീ ഭാഗങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ വാങ്ങി സ്ഥാപിക്കാൻ ഉദ്ദേശിച്ച പ്രൊജക്റ്റായിരുന്നു ഇത്. ടെൻഡർ നടപടികൾ സ്വീകരിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ട്രാൻസ്ഫോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും 417355/- രൂപ ചെലവഴിച്ച് 5 മിനിമാസ്റ്റ് ലൈറ്റുകൾ മേൽപറഞ്ഞ സ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്നു. സ്ഥാപനവുമായി 16-10-20ൽ കരാർ വയ്ക്കുകയും ചെയ്തിരുന്നു. 12-3-21ൽ 7-ാം വാർഡിലെ ഉരുത്തേൽ കവലഭാഗത്തുള്ള മിനിമാസ്റ്റ് ലൈറ്റ് പ്രവർത്തനരഹിതമായി എന്നത് കാണിച്ച് വാർഡ് മെമ്പർ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിരുന്നു.

സ്ഥാപനത്തിനെ അറിയിച്ചിരുന്നുവെങ്കിലും ലൈറ്റുകൾ തുടർച്ചയായി തകരാറിലാകുന്നതായി പരാതിയെ തുടർന്ന് 19-7-21 ലെ 2/8 നമ്പർ തീരുമാനപ്രകാരം സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. തുടർ നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 4/08.07.22)മറുപടിയായി പ്രസ്തുത സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനായി സർക്കാരിനെ സമീപിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ലൈറ്റുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കേണ്ടതും കരാറുകാരന്റെ നിരതദ്രവ്യം ഗ്രാമപഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-32 സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർചാർജ് - വാട്ടർ അതോറിറ്റിഡിമാന്റ് ചെയ്ത കുടിശിക തുകയുടെ കൃത്യത – അപാകത തുടരുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം | 7/21 |
| അടങ്കൽ | 667600/-(MG NR) |
| ചെലവ് | 661500/-(MG-NR) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 126 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിനായി തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. ഡിസംബർ 2019 വരെ കുടിശികയില്ലാതെ വാട്ടർചാർജ് അടച്ചു വന്നിരുന്ന ഗ്രാമപഞ്ചായത്തിൽ 2020ജനുവരിമാസത്തെ ഡിമാന്റ് നോട്ടീസ് നം 40157/16-1-20 പ്രകാരം കുടിശികയായി 64515/-രൂപയും പിഴയായി 1290/-രൂപയും ഉള്ളതായി കാണുന്നു. പിന്നീടുള്ള മാസങ്ങളിൽ ടി കുടിശിക തുകയിൽ വർദ്ധനവ് വരുന്നതായും കാണുന്നു. വാട്ടർ അതോറിറ്റി ചുമത്തിയ കുടിശിക തുകയുടെ നിജസ്ഥിതി സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞിട്ടില്ല. 10-3-21ലെ ബിൽ നമ്പർ 50311/10-3-21 പ്രകാരം 85923/-രൂപ കുടിശികയായും 1685/-രൂപ പിഴയായും ഒടുക്കാനുള്ളതായി ചേർത്തിട്ടുണ്ട്. നിലവിലും ടി കുടിശിക പിഴപലിശയിൽ വർദ്ധനവോടെ തുടരുന്നതായി കാണുന്നു. പ്രസ്തുത വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശിക സംബന്ധിച്ച വിഷയത്തിൽ വ്യക്തത വരുത്താത്ത പക്ഷം വാട്ടർ അതോറിറ്റി വികസനഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യുന്ന സാഹചര്യവുമുണ്ടാകുന്നതാണ്. പ്രസ്തുത വിഷയത്തിലെ അപാകത പരിഹരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

1-33 കരാർ തീയതിയ്ക്ക് മുൻപുള്ള തീയതിയിൽ ഫോട്ടോസ്റ്റാറ്റ് മെഷീന് എഎംസി - ക്രമപ്രകാരമല്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 215/21 |
| അടങ്കൽ | 25000( തനത്ഫണ്ട്) |
| ചെലവ് ചെക്ക് നം. (764403/27.10.20) | 16520/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ ഫോട്ടോസ്റ്റാറ്റ് മെഷീൻ എഎംസിയ്ക്കായി ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത യൂണികോം ഇൻഫോടെൽ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. സ്ഥാപനവുമായി 7-8-20ൽ കരാർ വച്ചത് 19-3-20 മുതൽ 18-3-21 വരെയുള്ള കാലയളവിലേക്കാണ്. 5മാസം മുൻപുള്ള തീയതിയിൽ AMCവയ്ക്കാനുള്ള സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം4/08.07.22) മറുപടിയായി മുൻവർഷത്തെ എഎംസി കരാർ കാലാവധി 18-3-20ൽ അവസാനിക്കുന്നതിനാലാണ് അതിന് തുടർച്ചയായി 19-3-20 മുതൽ കരാർ വച്ചത് എന്ന് അറിയിച്ചിട്ടുണ്ട്.

എന്നാൽ ഈ മറുപടി തൃപ്തികരമല്ല. പുതിയ ക്വട്ടേഷൻ നടപടികളിലൂടെ തെരഞ്ഞെടുത്ത പ്രസ്തുത സ്ഥാപനവുമായി 2019-20വർഷം എഎംസിയ്ക്ക് ഗ്രാമപഞ്ചായത്തുമായി കരാർ ഉണ്ടായിരുന്നില്ല (ഇത് സംബന്ധിച്ച് 2019-20ൽ പ്രൊജക്റ്റ് ഉണ്ടായിരുന്നില്ല). ക്വട്ടേഷൻ നടപടികളിലൂടെ തെരഞ്ഞടുക്കുന്ന സ്ഥാപനം എന്ന് കരാർ വയ്ക്കുന്നുവോ ആ തീയതിമുതൽ ഒരു വർഷത്തേയ്ക്ക് കരാറിലേർപ്പെടേണ്ടിയിരുന്നു. മുൻകാല തീയതിയിൽ കരാർ വച്ചത് ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ആവർത്തിയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 കമ്പ്യൂട്ടറുകൾക്കും അനുബന്ധഉപകരണങ്ങൾക്കും എഎംസി - കരാർ പൂർണ്ണമല്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 5/21 |
| അടങ്കൽ | 70000/-( തനത്ഫണ്ട്) |
| ചെലവ് (ചെക്ക് നം. 21642/13.11.20) | 52900 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ 14 ക്ലയന്റ് കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എഎംസിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത മാക്സ് ഇൻഫോസിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നില്ല. മുദ്രപത്രം വാങ്ങി സൂക്ഷിക്കുകയാണ് ഉണ്ടായത്. എഎംസിയ്ക്കായി 52900/-രൂപ സ്ഥാപനത്തിന് നൽകിയിരുന്നു. കരാർ എന്നു മുതൽ എന്ന് വരെയെന്ന് വ്യക്തമല്ല. ഏതൊക്കെ കമ്പ്യൂട്ടർ ഉപകരണങ്ങളാണ് AMC യിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് ഹാർഡ് വെയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം4/08.07.22)മറുപടിയായി കരാർ, ഹാർഡ് വെയർ രജിസ്റ്റർ എന്നിവ പൂർത്തീകരിച്ച് അടുത്ത ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. എഎംസിയുള്ള കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ ഹാർഡ് വെയർ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും കരാർ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-35 തെരുവുവിളക്ക് എല്ലാഅനുബന്ധസാമഗ്രികളോടും കൂടി വാങ്ങി സ്ഥാപിക്കൽ- വിതരണവിവരം ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 191/21 |
| അടങ്കൽ | 664244/-(CFC)+530490(തനത്ഫണ്ട്) |
| ചെലവ് | 664244/-(CFC)(ബിൽനം4/22-5-20 ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലേക്ക് 18W, 36W എൽഇഡി ലൈറ്റുകൾ അംഗീകൃത ഏജൻസിയായ ക്രൂസിൽ നിന്നും വാങ്ങുന്നതിനായി 2019-20 വർഷം തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നം 191/21 തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം 18W LED ലൈറ്റ് 578 എണ്ണവും 36W LED ലൈറ്റ് 339 എണ്ണവും ക്രൂസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു. പ്രസ്തുത വാങ്ങലിനായി 2019-20വർഷം 17,21,866/-രൂപയും 2020-21 വർഷം 664244/- രൂപയുമുൾപ്പടെ 23,86,110/- രൂപ ചെലവഴിച്ചിരുന്നു. മുൻവർഷങ്ങളിലും വാങ്ങിയത് ഉൾപ്പടെ സ്ട്രീറ്റ് ലൈറ്റുകൾക്ക് മാത്രമായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2. സെക്രട്ടറിയുടെ 6-2-20ലെ A1-7358/18 നമ്പർ കത്ത് പ്രകാരം 250 ലൈറ്റുകൾ പ്രവർത്തനരഹിതമാണെന്ന് KREWSനെ അറിയിച്ചിരുന്നു. 24മാസ വാറന്റിയുള്ള പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. 21-1-21ലെ 2/7 നമ്പർ

തീരുമാനപ്രകാരം ക്രൂസ് മുഖേന വാങ്ങിയ ഭൂരിഭാഗം ലൈറ്റുകളും ഗ്യാരന്റി പീരീഡിന് മുൻപെ പ്രവർത്തന രഹിതമാണെന്നും പ്രസ്തുത സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാനും തീരുമാനമെടുത്തിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വിതരണവിവരം കൃത്യമാക്കേണ്ടതും പ്രവർത്തനരഹിതമായവ നന്നാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-36 വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകൽ-വിനിയോഗവിവരം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിരിന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത ഏജൻസികളുമായി കരാറിലേർപ്പെട്ടിരുന്നില്ല. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുമുള്ള വിനിയോഗസാക്ഷ്യപത്രം , ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രൊജക്റ്റ്നം &പേര് | നിക്ഷേപിച്ച തുക | വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1. | Proj No 10/21, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, സ്ഥാപിക്കൽ<br>നിക്ഷേപം -KWA | 13,15,000/- (Bill No 51/25-2-21) | 13,15,000/- |
| 2 | Proj No 360/21 താന്നിയ്ക്കൽ കൊല്ലക്കൊമ്പ് കുടിവെള്ളപദ്ധതി<br>നിക്ഷേപം -GWD | 140000/-( Bill No 22/18-9-20) | 140000/- |
| 3 | Proj No 405/21 വിവിധപ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ-പോസ്റ്റ് ഷിഫ്റ്റിങ്ങ്<br>നിക്ഷേപം- KSEB, പുതുപ്പള്ളി | 77992(തനത് ഫണ്ട്) | 38806/- |
| 4 | Proj No 12/21 തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ-പോസ്റ്റ് ഷിഫ്റ്റിങ്ങ്<br>നിക്ഷേപം- KSEB, പുതുപ്പള്ളി/ കോട്ടയം ഈസ്റ്റ്/ മണർകാട് | 640540/-CFC (ബിൽനം 41/6-1-21, 52/25-2-21) | 640540/ |
| | ആകെ | | 2134346/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച 21,34,346/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച

20-21വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന തീയതിക്കകം കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം/ പദ്ധതി | കരാറു കാരൻ | സെലക്ഷൻ നോട്ടീസ് നം | തീയതി | കരാർ വയ്ക്കേണ്ട അവസാന തീയതി | കരാർ തീയതി | പി.എ.സി | ഈടാ ക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|
| 195/21 മാർ അപ്രേം പള്ളി അന്തേരി യിൽ പുനരു ദ്ധാരണം | പി.കെ വിജൻ | എസ് എൻ1/ എ.ഇ/എൽ. എസ്.ജി.ഡി | 05.10.2019 | 19.10.2019 | 18.01.20 | 2,25,000/- | 2250/- |
| 201/21പടച്ചിറ മച്ചക്കാട് പുനരു ദ്ധാരണം | രാഹുൽ നാരാ യണൻ | എസ് എൻ1/ എ.ഇ/എൽ. എസ്.ജി. ഡി/19-20 | 11.11.2019 | 25/11/19 | 23.12.2019 | 254974.5 | 2549/- |
| ആകെ | | | | | | | 4799/- |

നിയമാനുസൃതമുള്ള പിഴയായ പി.എ.സി തുകയുടെ 1% ഈടാക്കി വിവരം അറിയിക്കേണ്ടതാണന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പ് (നം18 തീയതി 13.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല.പിഴയായ പി.എ.സി തുകയുടെ 1% ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-38 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ നിന്ന് പിൻവലിച്ച തുകകളുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനീയറുടെ പേരിൽ മാങ്ങാനത്തുള്ള മാങ്ങാനം സഹകരണബാങ്കിലെ 0223000005727നം അക്കൗണ്ട്, വടവാതൂർ എസ്ബിഐ ശാഖയിലെ 37744002293-ാംനം അക്കൗണ്ട് എന്നിവയിൽ നിന്നുള്ള പണമിടപാടുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.വിവിധചെക്കുകൾ പ്രകാരം പിൻവലിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| | അക്കൗണ്ട് നം 0223000005727 | | |
| 1 | 22132 | 19.05.20 | 27646 |
| 2 | 22134 | 19.05.20 | 30558 |
| 3 | 22135 | 30.06.20 | 5658 |
| 4 | 22133 | 30.06.20 | 3513 |
| 5 | 22136 | 07.07.20 | 100307 |
| 6 | 22137 | 17.07.20 | 145511 |
| 7 | 22138 | 29.07.20 | 3513 |
| 8 | 22139 | 28.10.20 | 686300 |
| 9 | ക്യാഷ് | 4.02.21 | 5902 |
| 10 | ക്യാഷ് | 4.02.21 | 12980 |

| | | | |
|---|---|---|---|
| 11 | 22201 | 4.02.21 | 7524 |
| | അക്കൗണ്ട് നം 37744002293 | | |
| 1 | 455657 | 20.4.20 | 375249 |
| 2 | 455660 | 20.04.20 | 67429 |
| 3 | 455662 | 20.04.20 | 47879 |
| 4 | 455661 | 20.04.20 | 36243 |
| 5 | 455663 | 20.04.20 | 57222 |
| 6 | 455659 | 20.04.20 | 216158 |
| 7 | 455655 | 20.4.20 | 427757 |
| 8 | 455658 | 20.04.20 | 159061 |
| 9 | 455664 | 09.06.20 | 375026 |
| 10 | 519452 | 18.06.20 | 57721 |
| 11 | 455665 | 18.06.20 | 163443 |
| 12 | 519451 | 18.06.20 | 294131 |
| 13 | 519454 | 22.06.20 | 148133 |
| 14 | 519453 | 22.06.20 | 86198 |
| 15 | 519456 | 30.06.20 | 104538 |
| 16 | 519457 | 1.07.20 | 108051 |
| 17 | 519458 | 4.07.20 | 595838 |
| 18 | 519459 | 4.07.20 | 12544 |
| 19 | 519461 | 4.07.20 | 448 |
| 20 | 519460 | 4.07.20 | 24135 |
| 21 | 519462 | 4.07.20 | 104538 |
| 22 | 519463 | 13.08.20 | 11298 |
| 23 | 519464 | 25.08.20 | 23063 |
| 24 | 519465 | 24.09.20 | 26220 |
| 25 | 519466 | 20.10.20 | 90820 |
| 26 | 519467 | 20.10.20 | 95465 |
| 27 | 519468 | 27.11.20 | 155645 |
| 28 | 519470 | 1.12.20 | 142906 |
| 29 | 519471 | 1.12.20 | 164721 |
| 30 | 519469 | 1.12.20 | 98859 |
| 31 | 519472 | 1.12.20 | 136814 |
| 32 | 519473 | 4.12.20 | 360131 |
| 33 | 519474 | 5.12.20 | 210096 |
| 34 | 519475 | 24.12.20 | 35755 |
| 35 | 519476 | 31.12.20 | 48445 |
| 36 | 519478 | 28.01.21 | 4300 |
| 37 | 519479 | 1.02.21 | 54855 |

| | | | |
|---|---|---|---|
| 38 | 519480 | 1.02.21 | 194155 |
| 39 | 519481 | 4.02.21 | 22207 |
| 40 | 519482 | 4.02.21 | 23649 |
| 41 | 519483 | 4.02.21 | 43890 |
| 42 | 519484 | 1.03.21 | 412159 |
| 43 | 519485 | 1.03.21 | 267366 |
| 44 | 519487 | 6.03.21 | 57527 |
| 45 | 519486 | 6.03.21 | 165937 |
| 46 | 519477 | 9.03.21 | 1435 |
| 47 | 519488 | 26.03.21 | 815 |
| 48 | 519492 | 31.03.21 | 1066 |
| 49 | 519489 | 31.03.21 | 7820 |
| 50 | 519491 | 31.03.21 | 3176 |
| 51 | 519490 | 31.03.21 | 5066 |

മേൽവിവരിച്ച പിൻവലിക്കൽ തുകകളുടെ വിനിയോഗരേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം 1തീയതി17.07.22) ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-39 വിവിധ തനത് ഫണ്ട് ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാകാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല.

| വൗച്ചർ നം / തീയതി | ഇനം | തുക | ചെക്ക് നം / തീയതി | റിമാർക്സ് |
|---|---|---|---|---|
| 75-7/20 17.07.20 | ജി.ഓ (ആർ ടി )197/20/എൽ എസ്ജിഡി/24.01.20 പ്രകാരം ദേശീയ സംസ്ഥാന പാതയോരങ്ങൾ വൃത്തിയാക്കൽ | 9800 | 21569/17.07.20 | വൗച്ചർ പ്രകാരം കുന്നേൽ എർത്ത് മൂവേഴ്സിന് ജെസിബി/ ടിപ്പർ 6.5 മണിക്കൂർ പ്രവർത്തിപ്പിച്ചതിന് 1200 രൂപ നിരക്കിൽ 9800 രൂപ നൽകിയിരിക്കുന്നു. ഉത്തരവ് പ്രകാരം ശേഖരിച്ച മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കിലോഗ്രാമിന് 7 രൂപ നിരക്കിൽ ചെലവിന്റെ വിവരങ്ങൾ ശുചിത്വ മിഷനിൽ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നതാണ് എന്ന് വ്യക്തമാക്കിയിരുന്നു. |

| | | | | |
|---|---|---|---|---|
| | | | | ശുചിത്വ മിഷനിൽ നിന്നും തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്. |
| 88-7/20, 28.07.20 | കുഴൽക്കിണർ നിർമ്മാണം (വാർഡ് 8 ലക്ഷം വീട് കോളനി, 11-ാം വാർഡ് ആശ്രമം നടപ്പള്ളി ഭാഗം)- സർവ്വേ റിപ്പോർട്ട് , ജലലഭ്യത എന്നിവയ്ക്കായി ഗ്രൗണ്ട് വാട്ടർ ഓഫീസിൽ അടച്ച സർവ്വീസ് ചാർജ് | 4070 | 697156/28.07.20 | സർവ്വേ റിപ്പോർട്ട് ലഭ്യമായതിന്റെ വിവരം |
| 89-7/20 ,28.07.20 | സി എഫ് എൽ ടി സി പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള അഡ്വാൻസ് | 10000 | 697156/28.07.20 | മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ |
| 94-7/20,28.07.20 | 6-ാം വാർഡ് കുഴിപ്പുരയിടം റോഡ് സൈഡിലെ പോസ്റ്റ് മാറ്റൽ . AE, KSEB ഇലക്ട്രിക്കൽ സെക്ഷൻ മണർകാട് ഡെപ്പോസിറ്റ് ചെയ്ത തുക | 15183 | 697160/28.07.20 | പ്രവർത്തിയുടെ വിനിയോഗ വിവരം |
| 49-8/20 , 05.08.20 | സിഎഫ്എൽടിസി യിൽ വെയ്സ്റ്റ് പിറ്റ് നിർമ്മാണം - കുന്നേൽ ഏജൻസീസ് വടവാതൂരിന് നൽകിയ തുക | 6800 | 215821/05.08.20 | വൗച്ചറിനൊപ്പം എസ്റ്റിമേറ്റ് , വാല്യൂവേഷൻ എന്നിവ ചേർത്തിട്ടില്ല. |
| 61-8/20, 13.08.20 | കാലവർഷം 2020 പ്രവർത്തനങ്ങൾക്കായുള്ള അഡ്വാൻസ് തുക | 30000 | 697187/10.08.20 | മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ വൗച്ചറിനൊപ്പം ലഭ്യമായില്ല. |
| 32-9/20, 11.09.20 | വാർഡ് 16 വടവാതൂർ കടത്തുകടവ്- ശാസ്താമമ്പലം റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിനുള്ള ചെലവ്- അസി.എഞ്ചിനീയർ കെഎസ്ഇബി മണർകാടിന് നൽകിയ | 10000 | 764357/11.09.20 | പ്രവർത്തിയുടെ വിനിയോഗ വിവരം |

| | | | | |
|---|---|---|---|---|
| | തുക | | | |
| | ആകെ | 85853 | | |

വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (06/21 , 19 /21) മറുപടി നൽകിയില്ല. വിശദാംശങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 85853 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 8000രൂപ തിരികെ ഈടാക്കണം

വിജയപുരം പഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി രജിസ്റ്ററുകൾ , ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ബോധ്യമാകുന്നു. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ ,8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | അനർഹമായി കൈപ്പറ്റിയ തുക/കാലയളവ് |
|---|---|---|---|---|
| 1 | ശാന്തമ്മ നാരായണൻ | 105530201300 | വാർദ്ധക്യകാല പെൻഷൻ | 8000 (1600x5) (02/2022 മുതൽ 06/2022 വരെ) |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 12/12.07.22 ) മേൽ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയ്ക്ക് തുക തിരികെ ഒടുക്കണം എന്നത് സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി . മേൽ പറഞ്ഞിരിക്കുന്ന വ്യക്തിയിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-41 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 11200 രൂപ തിരികെ ഈടാക്കണം

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ വിജയപുരം ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | എൻ. വിജയകുമാർ | വാർദ്ധക്യകാല പെൻഷൻ | 105530202487 | 14/10/21 | 11/2021 മുതൽ 12/21 വരെ | 3200 (1600*2) |
| 2 | തങ്കമണി | വിധവ പെൻഷൻ | 105530600321 | 16/03/22 | 04/2022 മുതൽ 05/22 വരെ | 3200 (1600*2) |
| 3 | കുഞ്ഞൂഞ്ഞ്. എം. കെ | വാർദ്ധക്യകാല പെൻഷൻ | 105530200017 | 13/02/22 | 03/2022 മുതൽ 05/22 വരെ | 4800 (1600*3) |
| ആകെ | | | | | | 11200 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ വിജയപുരം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 12/12.07.22 ) തുക തിരികെ ഒടുക്കണം എന്നത് സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി .

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 11200/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-42 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ചു .

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വ്യക്തിഗതആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ കിണർ നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | രാജേശ്വരി |
| പ്രവർത്തിയുടെ പേര് | കിണർ നിർമ്മാണം |
| വാർഡ് നമ്പർ | 1 |
| വർക്ക് കോഡ് | 1610007005/IF/431856 |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 12 മീറ്റർ ആഴമുള്ള കിണർ നിർമ്മിക്കുന്നതിനും Ring സ്ഥാപിക്കുവാനുമാണ് ഉദ്ദേശിച്ചത് . എന്നാൽ എം ബുക്ക് പ്രകാരം 7.5 മീറ്റർ മാത്രമാണ് ( എം ബുക്ക് പേജ് 6, 7,8,9 10 എന്നിവ പ്രകാരം ) നിർമ്മാണം നടത്തിയിരിക്കുന്നത് . തുടർന്ന് 7.5 മീറ്റർ ഭാഗത്ത് Ring സ്ഥാപിക്കുന്നതിന്റെ നിരക്ക് കണക്കാക്കുന്നതിന് പകരം 9.98 മീറ്റർ ഭാഗത്ത് Ring സ്ഥാപിക്കുന്നതിന്റെ നിരക്കാണ് കണക്കാക്കിയിരിക്കുന്നത് . എം ബുക്ക് പേജ് നമ്പർ - 10 , ഇനം 6 പ്രകാരം 9.98 മീറ്ററിന് 1874.96 രൂപ നിരക്കിൽ 18712 രൂപ നൽകിയിട്ടുണ്ട് (Rate Of Casting Ring Including Cost Of Transportation And Placing In Position എന്ന ഇനം) . എന്നാൽ എം ബുക്ക് പേജ് 6, 7,8,9 10 എന്നിവ പ്രകാരം 7.5 മീറ്റർ മാത്രമാണ് കിണറിന് ആഴം ഉള്ളത് . എസ്റ്റിമേറ്റിൽ 12 മീറ്റർ ആഴത്തിൽ നിർമ്മിച്ച കിണറിനാണ് മീറ്ററിന്

1874.96 രൂപ നിരക്കിൽ 22499 രൂപ നൽകേണ്ടത് .അധികം നൽകിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| 7.5 മീറ്റർ മാത്രമുള്ള കിണറിന് Ring സ്ഥാപിക്കുവാൻ നൽകേണ്ട തുക | 14062 രൂപ |
| 9.98 മീറ്റർ ഭാഗത്ത് Ring സ്ഥാപിച്ചതായി കരുതി നൽകിയ തുക | 18712 രൂപ |
| അധികം നൽകിയ തുക | 4650 രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം -05/10.07.2022) മറുപടി നൽകിയില്ല.അധികം നൽകിയ 4650 രൂപ ഉത്തരവാദിയായ തൊഴിലുറപ്പുപദ്ധതി ഓവർസിയർ ശിശിര മറിയം ജീസസ്സിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-43 ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ അവിദഗ്ധ ,വിദഗ്ധ തൊഴിൽ ആവശ്യമുള്ള കോഴിക്കൂട് നിർമ്മാണ പദ്ധതിയിൽ ഒരേ തൊഴിലാളി തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി, വേതനം അനുവദിച്ചത്, മസ്റ്റർ റോൾ, പെയ്മെന്റ് എഫ്.ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തി യുടെ പേര് | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ആളിന്റെ പേര് | തൊഴിൽ കാർഡ് നമ്പർ/ രജി. നമ്പർ | വർക്ക് കോഡ് | മസ്റ്റർ റോൾ ആരംഭിച്ച തീയതി | മസ്റ്റർ റോൾ അവസാനിച്ച തീയതി | മസ്റ്റർ റോൾ നമ്പർ | SK/SSK/ USK (സ്കിൽഡ്/ സെമി സ്കിൽഡ്/ അൺ സ്കിൽഡ് ) | തുക | അനർഹമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കോഴിക്കൂട് നിർമ്മാണം | ഷീല | 12 | ഷീല | KL-10-007-005-012/333 | 1610007005/IF/440918 | 18/06/20 | 20/06/20 | 1578 | USK | 873 | |
| | | | | ഷീല | KL-10-007-005-012/333 | | 18/06/20 | 20/06/20 | 1579 | SK | 714 | 714 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം -06/17.06.2022) മറുപടി നൽകിയില്ല . ഒരേ തൊഴിലാളി തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം അനുവദിച്ചത് അംഗീകരിക്കാൻ കഴിയുന്നതല്ല . ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള അസി.സെക്രട്ടറിയുടെയും, ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥരുടെയും മേൽനോട്ടം ഒരു ഘട്ടത്തിലും ഉണ്ടാകാതിരുന്നതാണ് ഇത്തരം അപാകതയ്ക്ക് പ്രധാന കാരണമായി ഓഡിറ്റ് വിലയിരുത്തുന്നത്. കൂടാതെ ഇത്തരം അപാകതകൾ ആവർത്തിക്കുകയാണെങ്കിൽ അക്രഡിറ്റഡ് എഞ്ചിനീയർ , ഓവർസീയർ എന്നിവരുടെ വ്യക്തിപരമായ ബാധ്യത ആകുന്നതാണ് . ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 തൊഴിലുറപ്പ് പദ്ധതി - രേഖകളുടെ / ഫയലുകളുടെ പരിശോധന- പൊതു അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തിൽ 1673 കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 37718 ആണ്. . ആകെ 14964613 /- രൂപയുടെ ചെലവ്, ഭൂവികസനം , റോഡ് ,ജല സംരക്ഷണ പ്രവൃത്തികൾ റോഡ് കോൺക്രീറ്റിംഗ് എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

1. ഓഡിറ്റ് കാലയളവിലെ കാലിതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ,

സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A. സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിന്റെ വിവരങ്ങൾ മസ്റ്റർ റോളിൽ ഉൾപ്പെടുത്തുന്നില്ല( ചുരുക്കം ചിലതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ) . എസ്റ്റിമേറ്റിൽ സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികൾക്ക് നൽകേണ്ട തുക ഉൾപ്പെടെയാണ് കണക്കാക്കിയിരിക്കുന്നത് .ആയതിന്റെ അടിസ്ഥാനത്തിലാണ് എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തി തുക തിട്ടപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിലാളികൾക്ക് നൽകേണ്ട തുക ആർക്കാണ് നൽകിയത് എന്നോ എപ്രകാരമാണ് ക്രമീകരിച്ചത് എന്നോ മനസ്സിലാകാൻ ആവശ്യമായ ഒരു രേഖകളും ഫയലിന്റെ ഒപ്പം ഉൾപ്പെടുത്തിയിട്ടില്ല . മാത്രമല്ല സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികൾക്ക് നൽകിയ തുക , മെറ്റീരിയലിന് നൽകിയ തുക എന്നിവയും വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. അൺസ്കിൽഡ് തൊഴിലാളികൾക്ക് വേതനം നൽകിയ വിവരം മാത്രമാണ് മസ്റ്റർ റോളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് .

B. മെറ്റീരിയൽ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിന് ഒപ്പം ഇല്ല. ലഭിച്ച മെറ്റീരിയൽ സംബന്ധിച്ച് യാതോരു വിവരവും എം ബുക്കിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല .

C.എം ബുക്കിൽ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് വിവരം ഉൾപ്പെടുത്താത്തതിനാൽ ചെലവ് വിവരത്തിന്റെ കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞില്ല .

2. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു.

3.സ്ഥലത്തിന്റെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

4.നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

6.റോഡ് നിർമ്മാണം ,കിണർ , തൊഴുത്ത് നിർമ്മാണം , MCF നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല. . അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത , സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.

7.നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012 –ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർക്ക് അന്തിമ ബില്ലിൽ നിന്നും റ്റി.ഡി.എസ് കിഴിവ് ചെയ്യുന്നില്ല.

8.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

9.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10.എം ബുക്കിന് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

11.സെമി സ്കിൽഡ്/സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

12.വർക്ക് നടക്കാത്ത ദിവസങ്ങളിലും സൈറ്റിൽ ഓവർസിയർ സന്ദർശനം നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്ന -കല്ലൂർ നടപ്പാത കോൺക്രീറ്റുമായി ബന്ധപ്പെട്ട് 21/08/2020 മുതൽ 26/08/2020 വരെയാണ് മസ്റ്റ് റോൾ പ്രകാരം തൊഴിലാളികൾ സൈറ്റിൽ ഉണ്ടായിരുന്നത് . എന്നാൽ ഓവർസിയറുടെ സന്ദർശന കുറിപ്പ് പ്രകാരം 13/08/20 , 18/08/20, 19/08/20 ,20/08/20 എന്നീ തീയതികളിൽ സൈറ്റിൽ പോയതായി സൂചിപ്പിച്ചിരിക്കുന്നു . കൂടാതെ സൈറ്റ് ഡയറിയിൽ 13/08/2020 ൽ പ്രവൃത്തി ആരംഭിച്ച് 19/08/20 ൽ അവസാനിച്ചതായാണ് സൂചിപ്പിച്ചിരിക്കുന്നത്. എം ബുക്കിൽ തീയതി സംബന്ധിച്ച് യാതൊരു

രേഖപ്പെടുത്തലും വരുത്തിയിട്ടില്ല . അലക്ഷ്യമായി രേഖപ്പെടുത്തൽ വരുത്തുന്നതുകൊണ്ടാണ് ഇത്തരം അപാകത ഉണ്ടാകുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു .

ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ നിരീക്ഷണങ്ങൾ ഭരണ സമിതി ,വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

1-45 നട്ടാശ്ശേരി UPS കളിസ്ഥലത്ത് സ്റ്റേഡിയം നിർമ്മാണം - അപാകതകൾ

നട്ടാശ്ശേരി UPS കളിസ്ഥലത്ത് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

വർക്ക് കോഡ് - 1610007005/AV/263358

ഭരണാനുമതി നമ്പർ - 6/1 , തീയതി-23/12/2019

വാർഡ് -4

കരാറുകാരന്റെ പേര് - സുനിൽ K M

ആകെ എസ്റ്റിമേറ്റ് തുക - 2813660 ( Skilled- 587597.83 , Material- 1825993.81 , Wages-387081.66 , Others- 12983 )

സാങ്കേതികാനുമതി നമ്പർ -1610007005/2020-21/149621/TS(03/08/20)

ഭാഗികമായി പൂർത്തിയായ മേൽ പ്രവർത്തിക്ക് നാളിതുവരെ ചെലവഴിച്ച തുക - 678812 ( Skilled- 55440 , Material- 612896 , Wages-10476 )



2020-21 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത നട്ടാശ്ശേരി UPS കളിസ്ഥലത്ത് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1.മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന വ്യക്തിയുമായുണ്ടാക്കിയ കരാറിൽ അവ്യക്തത

മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് E ടെണ്ടറിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ നോട്ടിസ് ലഭിച്ചത് ശ്രീ സുനിൽ കെ എം എന്ന കരാറുകാരനാണ് ( 22/09/2020 ലെ 2(1) നമ്പർ കമ്മിറ്റി തീരുമാനം ) . എന്നാൽ ടിയാനുമായുള്ള കരാർ പരിശോധിച്ചതിൽ മെറ്റീരിയലുകൾ വിതരണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടുന്നതിന് പകരം സ്റ്റേഡിയം നിർമ്മാണം ഏറ്റെടുക്കുന്നത് സംബന്ധിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത് . അതായത് ടിയാനുമായി നട്ടാശ്ശേരി UPS കളിസ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടു എന്ന് സാരം . ഇത്തരത്തിൽ കരാറിൽ ഏർപ്പെടാനുണ്ടായ കാരണം ഓഡിറ്റിനെ ബോധ്യപ്പെടുത്തിയില്ല . കരാറുകൾ തയാറാക്കുമ്പോൾ മെറ്റീരിയൽ

സപ്ലൈ ചെയ്യുന്നതിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ് .

2) തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് പ്രവൃത്തി ചെലവിന്റെ കൂടുതൽ ഭാഗവും കരാറുകാരിൽ എത്തിച്ചേരുന്നു .

ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. എന്നാൽ എന്നാൽ നട്ടാശ്ശേരി UPS കളിസ്ഥലത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയിൽ ചെലവിന്റെ കൂടുതൽ ഭാഗവും മെറ്റീരിയലുകൾ വിതരണം ചെയ്യേണ്ട കരാറുകാരുടെ അക്കൗണ്ടിലേക്ക് എത്തിച്ചേരുകയാണ് ഉണ്ടായത്. ഭാഗികമായി പൂർത്തിയായ മേൽ പ്രവൃത്തിക്ക് നാളിതുവരെ ചെലവഴിച്ച തുകയായ 678812 രൂപയിൽ കേവലം 10476 രൂപ മാത്രമാണ് തൊഴിലാളികൾക്ക് വേതനമിനത്തിൽ ലഭിച്ചിട്ടുള്ളത് . മാത്രമല്ല 10476 രൂപ വിതരണത്തിന്റെ മസ്റ്ററോൾ വിശദമായി പരിശോധിച്ചതിൽ വിദഗ്ധ തൊഴിൽ ചെയ്തതിന് വേതനം ലഭിച്ചവർ തന്നെയാണ് അൺസ്കിൽഡ് വിഭാഗത്തിലും വേതനം കൈപ്പറ്റിയിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു എന്നാണ് ഓഡിറ്റ് ഈ സംഭവത്തെ കാണുന്നത്. ചുരുക്കിപറഞ്ഞാൽ ഈ പ്രവൃത്തികൊണ്ട് ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ഒരു നേട്ടവും ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു .

3) ഒരേ ദിവസം അവിദഗ്ധ -വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു .

അവിദഗ്ധ ,വിദഗ്ധ തൊഴിൽ ആവശ്യമുള്ള സ്റ്റേഡിയം നിർമ്മാണ പദ്ധതിയിൽ ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി, വേതനം അനുവദിച്ചത്, മസ്റ്റർ റോൾ, പെയ്മെന്റ് എഫ്.ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .(M Book No- 51/2020-21)

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ആളിന്റെ പേര് | തൊഴിൽ കാർഡ് നമ്പർ/ രജി. നമ്പർ | മസ്റ്റർ റോൾ ആരംഭിച്ച തീയതി | മസ്റ്റർ റോൾ അവസാനിച്ച തീയതി | മസ്റ്റർ റോൾ നമ്പർ | SK/SSK /USK (സ്കിൽഡ് /സെമി സ്കിൽഡ് /അൺസ്കിൽഡ് ) | തുക | അനർഹമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|
| 1 | നട്ടാശ്ശേരി UPS കളിസ്ഥലത്ത് സ്റ്റേഡിയം നിർമ്മാണ | ലീലാമ്മ മാണി | KL-10-007-005-016/290 | 02/02/21 | 08/02/21 | 12572 | USK | 1746 | |
| | | ലീലാമ്മ മാണി | KL-10-007-005-016/290 | 02/02/21 | 08/02/21 | 12573 | SK | 6930 | 6930 |
| 2 | | ജിഷ സുനിൽ | KL-10-007-005-016/290 | 02/02/21 | 08/02/21 | 12572 | USK | 1746 | |
| | | ജിഷ സുനിൽ | KL-10-007-005-016/290 | 02/02/21 | 08/02/21 | 12573 | SK | 6930 | 6930 |
| 3 | | കെ സി മാണി | KL-10-007-005-016/290 | 02/02/21 | 08/02/21 | 12572 | USK | 1746 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കെ സി മാണി | KL-10-007 -005-016/ 290 | 02/02/21 | 08/02/21 | 12573 | SK | 6930 | 6930 |
| 4 | | സുനിൽ | KL-10-007- 005-016/ 290 | 02/02/21 | 08/02/21 | 12572 | USK | 1746 | |
| | | സുനിൽ | KL-10-007- 005-016/ 290 | 02/02/21 | 08/02/21 | 12573 | SK | 6930 | 6930 |

ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം അനുവദിച്ചത് അംഗീകരിക്കാൻ കഴിയുന്നതല്ല . ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള അസി.സെക്രട്ടറിയുടെയും, ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥരുടെയും മേൽനോട്ടം ഒരു ഘട്ടത്തിലും ഉണ്ടാകാതിരുന്നതാണ് ഇത്തരം അപാകതയ്ക്ക് പ്രധാന കാരണമായി ഓഡിറ്റ് വിലയിരുത്തുന്നത്. കൂടാതെ ഇത്തരം അപാകതകൾ ആവർത്തിക്കുകയാണെങ്കിൽ അക്രഡിറ്റഡ് എഞ്ചിനീയർ , ഓവർസീയർ എന്നിവരുടെ വ്യക്തിപരമായ ബാധ്യത ആകുന്നതാണ് . ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ജി.എസ്.ടി. ,ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്റ്റിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല .

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കരാറുകാരന്റെ പേര് | മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) | ഈടാക്കേണ്ട ആദായനികുതി (1%) |
|---|---|---|---|---|---|
| 1 | UPS കളിസ്ഥലത്ത് സ്റ്റേഡിയം | സുനിൽ K M | 612896 | 12258 | 6129 |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം | | | | |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെഅടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. തുക കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതാലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ് .

5. ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട് LSGD -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചെക്ക് മെഷർ നടത്തുന്നതിനുള്ള പരിധി 20 ലക്ഷമായി പരിമിതപ്പെടുത്തിയിട്ടുണ്ട് (സ.ഉ(സാ)2688/15/തസ്വഭവ, തീ.04/09/15) . എന്നാൽ 28 ലക്ഷം രൂപ ചെലവ് വരുന്ന മേൽ പ്രവൃത്തിയ്ക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തതായി കാണുന്നു . ആയതിന്റെ കാരണം ഓഡിറ്റിനെ ബോധ്യപ്പെടുത്തിയില്ല .

ഈ വിഷയങ്ങൾ സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം -16/13.07.2022) മറുപടി നൽകിയില്ല. മേൽ സൂചിപ്പിച്ച ഓരോ അപാകതകളും മനസ്സിലാക്കി തുടർ പ്രോജക്റ്റുകളിൽ ആവർത്തിക്കാതിരിക്കാൻ കർശനമായും ശ്രദ്ധിക്കേണ്ടതാണ് . ഇത്തരം അപാകതകൾ ആവർത്തിക്കുകയാണെങ്കിൽ അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ വ്യക്തിപരമായ ബാധ്യത ആകുന്നതാണ് . ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ആയതിന്റെ അന്തസത്ത ഉൾക്കൊള്ളുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പായും ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-46 ലൈഫ് പദ്ധതി- അവലോകനം

ലൈഫ് പദ്ധതികൾ പ്രകാരം 2020-21 സാമ്പത്തിക വർഷം 6 ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കുന്നതിനും 5 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനും സഹായം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവ് | ആകെ ഗുണഭോക്താക്കൾ | പദ്ധതി പൂർത്തിയാക്കിയവർ |
|---|---|---|---|
| 86/20-21 (ലൈഫ് ഭവന പദ്ധതി- പട്ടിക ജാതി വിഭാഗം) | 440000 (എസ്.സി.പി) | 2 | 2 |
| 98/20-21 (ലൈഫ് മിഷൻ- ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് വിഹിതം | 1000000 (തനത് ഫണ്ട്) | 5 | 5 |

| | | | |
|---|---|---|---|
| 243/20-21 (ലൈഫ് മിഷൻ ഭവന നിർമ്മാണം- പട്ടിക ജാതി വിഭാഗം) | 400000 (എസ്.സി.പി) | 2 | 2 |
| 259/20-21 (ലൈഫ് മിഷൻ ഭവന നിർമ്മാണം- ജനറൽ) | 140000 (തനത് ഫണ്ട്) | 2 | 2 |

2020-21 വർഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

### 1-47 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം ഗിരിദീപം സ്കൂൾ ഹോസ്റ്റൽ , ക്രിസ്റ്റീൻ ധ്യാനകേന്ദ്രം കളത്തിപ്പടി, മന്ദിരം ആശുപത്രി , മോചന സെന്റർ മാങ്ങാനം എന്നിവിടങ്ങളിലായി കോവിഡ് കെയർ സെന്ററുകളും , വടവാതൂർ നവോദയയിൽ സിഎഫ്എൽടിസിയും സജ്ജീകരിച്ചിരുന്നു. കോവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പിനും സിഎഫ്എൽടിസി സജ്ജീകരിക്കുന്നതിനുമായി 34,24,426 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. സാമൂഹിക അടുക്കളയുടെ നടത്തിപ്പ് ചെലവുകൾ, മാസ്കുകൾ, ഗ്ലൗസുകൾ , കിറ്റുകൾ തുടങ്ങി കോവിഡ് പ്രതിരോധ പ്രവർത്തന സാമഗ്രികളുടെ വാങ്ങൽ, വിവിധ മേഖലയിലുള്ള ഭക്ഷണ വിതരണ ചെലവുകൾ , ശുചീകരണചെലവുകൾ എന്നിവയാണ് കോവിഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ പ്രധാന ചെലവുകൾ. കോട്ടയം ജില്ലാ കളക്ടറുടെ ഡിഎം1/4710/20/CCC-B6/26.11.20 ഉത്തരവ് പ്രകാരം കോവിഡ് കെയർ സെന്ററുകൾ പരിപാലിച്ചതിന് 11,79,302 രൂപ തിരികെ ലഭിച്ചിട്ടുണ്ട് (16/01/21 ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആയി). സി എഫ് എൽ റ്റി സി നവോദയ സ്കൂളിൽ സജ്ജീകരിച്ചെങ്കിലും രോഗികളെ പ്രവേശിപ്പിച്ചിരുന്നില്ല. സി എഫ് എൽ റ്റി സി സജ്ജീകരിച്ച ഇനത്തിൽ 11/20 ൽ 500000 രൂപയും (ജില്ലാ കളക്ടറുടെ നടപടിക്രമത്തിന്റെ പകർപ്പ് ലഭ്യമായില്ല) ജില്ലാ കളക്ടറുടെ ഡിഎം1/6182/20/CFLTC/23.12.20 ഉത്തരവ് പ്രകാരം 01/21 ൽ 7,97,507 രൂപയും സിഎഫ്എൽറ്റിസി അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ ഈടാക്കിയില്ല - 140000 രൂപ നഷ്ടം

വൈദ്യുതികൊണ്ടു പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണ പ്ലാന്റോ ഏതെങ്കിലും സ്ഥലത്ത് സ്ഥാപിക്കുവാൻ 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 12, 18, 20, 21 എന്നിവ പ്രകാരം അനുവാദം നൽകുന്നതിന് ചുമത്താവുന്ന ഫീസ് (ഇൻസ്റ്റലേഷൻ ഫീസ്) പട്ടിക -3 ൽ സൂചിപ്പിച്ചിട്ടുണ്ട് . കൂടാതെ വൈദ്യുതികൊണ്ടു പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 12, 18, 20 , 21 എന്നിവ പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് ചുമത്താവുന്ന ഫീസ് ( മോട്ടോർ റണ്ണിംഗ് ഫീസ് ) പട്ടിക -3 ൽ സൂചിപ്പിച്ചിട്ടുണ്ട് . എന്നാൽ MRF ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 2020-21 വർഷത്തേയ്ക്കുള്ള ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനം 40000 HP യുടെ മോട്ടോർ ഉപയോഗിക്കുന്നതായി

കാണുന്നു. എന്നാൽ 2019-20 കാലയളവിലെ ലൈസൻസ് രജിസ്റ്റർ , സ്ഥാപനത്തിന്റെ അപേക്ഷ എന്നിവ പ്രകാരം 33000 HP മാത്രമാണ് മോട്ടോർ കപ്പാസിറ്റി .

അതായത് 40000 HP യിൽ 7000 HP 2020-21 കാലയളവ് മുതൽ പുതിയതായി സ്ഥാപിച്ചിട്ടുള്ളതാണ് ബോധ്യമാകുന്നു .എന്നാൽ പുതിയതായി സ്ഥാപിച്ച യന്ത്രസാമഗ്രികൾക്ക് നിയമാനുസൃത മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ ഈടാക്കിയതായി കാണുന്നില്ല. 2020-21 കാലയളവിലും 33000 HP യ്ക്ക് ബാധകമായ ഫീസ് ഈടാക്കിയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത് . വിശദവിവരം ചുവടെ ചേർക്കുന്നു

| മോട്ടോർ കപ്പാസിറ്റി | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|
| 40000 HP ( OLD- 33000 HP NEW – 7000 HP ) | 330000 ( 33000 HP യുടെ ഫീസ് ) | മോട്ടോർ റണ്ണിംഗ് ഫീസ്- 400000<br>ഇൻസ്റ്റലേഷൻ ഫീസ് – 70000<br>ആകെ – 470000 | 140000<br>( ഇൻസ്റ്റലേഷൻ ഫീസ് – 70000 + മോട്ടോർ റണ്ണിംഗ് ഫീസ്- 70000 |

നിയമാനുസൃതമായ മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -02/2020-21 തീയതി 07.07.2022) മറുപടി ലഭ്യമാക്കിയില്ല .

നിയമാനുസൃതമായ മോട്ടോർ റണ്ണിംഗ് ഫീസ് , ഇൻസ്റ്റലേഷൻ ഫീസ് എന്നിവ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക ഈടാക്കിയില്ല എങ്കിൽ സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ് .

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 03.08.2021-ലെ 8/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിൽ ലഭ്യമാക്കി. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 07.07.2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 വർഷം സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 405,250/- രൂപ പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 30/09/2020 | 205,250/- | സമഗ്ര നെൽകൃഷി വികസനം (193/21) | 205,250/- | 0 |
| | 26/03/2021 | 200,000/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത ഗ്രസ് അലവൻസും സാമഗ്രികളും ഉല്ലാസയാത്ര ചെലവ്(25/21) | 200,000/- | 0 |
| ആകെ | | 405,250/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 405,250/- | 0 |

എ.സി.ആർ. പ്രാകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ റവന്യൂ പ്രോജക്ട് ചെലവിനായി ലഭിച്ച 1,510,928/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് 31,700/- രൂപയും മുൻവർഷങ്ങളിൽ ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിച്ചിരുന്നു. ടി ഫണ്ടുകൾ തൻവർഷം ചെലവഴിച്ചില്ല. ചെലവഴിക്കാത്ത ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ പ്രോജക്ടുകൾ രൂപീകരിച്ച് ചെലവഴിക്കാത്ത പക്ഷം അവ ലഭ്യമാക്കിയ സ്ഥാപനങ്ങളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 4 പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ പോസ്റ്റ് ഷിഫ്റ്റിങ്ങ്(12/21) | 640,540/- | 0 | 640,540/- |
| | വിജയപുരം ഗ്രാമപഞ്ചായത്ത് വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ(405/21) | 77,992/- | 39186/- | 38806/- |
| ആകെ കെ.എസ്.ഇ.ബി.-യിൽ | | 718,532/- | 0 | 718,532/- |
| വാട്ടർ അതോറിറ്റി | താന്നിക്കൽ കൊല്ലക്കൊമ്പ് കോളനി കുടിവെള്ള പദ്ധതി(360/21) | 140,000/- | 0 | 140,000/- |

| | | | | |
|---|---|---|---|---|
| ഭൂജല വകുപ്പ് | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ സ്ഥാപിക്കൽ (10/21) | 1,315,000/- | 0 | 1,315,000/- |

2020-21 വർഷം വിവിധ ഏജൻസികളിൽ ഡെപോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകൾ അതാത് നിക്ഷേപ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ മുൻകൂർ രജിസ്റ്റർ പ്രകാരം 2020-21 നിക്ഷേപ തുകകളുടെ കണക്കുകൾ ക്രമീകരിച്ച് ILGMS-ൽ അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്. 405/21 നം. പ്രോജക്റ്റ് പ്രകാരം KSEBയിൽ നിക്ഷേപിച്ച തുകയുടെ 39186 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് 2020-21 സാമ്പത്തിക വർഷത്തിന് ശേഷമാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തരിച്ചടവ്

2020-21 ധനകാര്യ പത്രിക പ്രകാരം തൻവർഷം വായ്പ/വായ്പ തരിച്ചടവ് ഇനത്തിൽ തുകകൾ ഒന്നും ഇല്ല

### 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൻ പ്രകാരമുള്ള 2020-21 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2.5 കോടി |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 2.5 കോടി |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2021-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2.5 കോടി |

31/03/2021 ലെ സ്ഥിരനിക്ഷേപ വിശദാംശം

| അക്കൗണ്ട് നം. | ബാങ്ക് | തുക |
|---|---|---|
| 799010501435742 | സബ് ട്രഷറി, കോട്ടയം | 10000000 |
| 799010501435623 | സബ് ട്രഷറി, കോട്ടയം | 15000000 |
| | ആകെ | 25000000 |

കോട്ടയം സബ് ട്രഷറിയിൽ 2 എണ്ണം Term Deposit ആയിട്ടാണ് സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളത്. 2020-21 ൽ 07/02/2020 തീയതിയിൽ രണ്ട് സ്ഥിരനിക്ഷേപ അക്കൗണ്ടുകളിലുള്ള 2.5 കോടി രൂപ 07/02/2021 ൽ കാലാവധി പൂർത്തീകരിച്ച് വീണ്ടും Term Deposit ആയി നിക്ഷേപിച്ചു. സ്ഥിരനിക്ഷേപം പലിശ 2020-21 വർഷം ലഭിച്ചത് 2,044,351/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് പിൻവലിച്ചു. സ്ഥിരനിക്ഷേപ രജിസ്റ്റർ, നിക്ഷേപ സർട്ടിഫിക്കറ്റുകൾ എന്നിവ പ്രകാരം 01/04/2020 മുതൽ 31/03/2021 വരെ സ്ഥിരനിക്ഷേപത്തിന്റെയും പലിശയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| നിക്ഷേപിച്ച ബാങ്ക്/അക്കൗണ്ട് നം. | തുക കാലയളവ് | വാർഷിക പലിശ നിരക്ക് | 2020-21 ലഭിച്ച പലിശ |
|---|---|---|---|
| 7990105009331175 Sub Treasury Kottayam | 10000000 07/02/2020 മുതൽ 07/02/2021 വരെ | 8.5% | 11 മാസം 70,833/- വീതം 779,163/- |

| | | | |
|---|---|---|---|
| 799010500933113O<br>Sub Treasury Kottayam | 15000000<br>07/02/2020<br>മുതൽ<br>07/02/2021 വരെ | 8.5% | 11 മാസം<br>106,250/-<br>വീതം 1,168,750/- |
| 799010501435742<br>Sub Treasury Kottayam | 10000000<br>07/02/2021 മുതൽ<br>07/02/2022 വരെ | 6.4% | 1 മാസം 38,575/- |
| 799010501435623<br>Sub Treasury Kottayam | 15000000<br>07/02/2021 മുതൽ<br>07/02/2022 വരെ | 6.4% | 1 മാസം 57,863/- |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15<br>2015-16 | 2-2-1,2-2-8<br>2-4-1,2,3,4,5,6,7- | 2016-17 | അനുബന്ധം<br>3,5 | തൊഴിൽ<br>നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3-1,2-3-2 | 2016-17 | അനുബന്ധം<br>4 | വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 141,103,823/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96,879,466/- |
| നീക്കിയിരിപ്പ് | 44,224,357/- |
| വരവിനങ്ങളിലുള്ള നഷ്ടം | 140000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2769919 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 140000 | | ശ്രീ ശ്രീകാന്ത് റ്റി. ആർ. ,സെക്രട്ടറി |
| ആകെ | 140000 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 4,70,000 | ശ്രീ. ശ്രീകാന്ത് റ്റി.ആർ, സെക്രട്ടറി |
| 1-29 | 79720 | ശ്രീ. ശ്രീകാന്ത് റ്റി.ആർ, സെക്രട്ടറി |
| 1-36 | 2134346/- | ശ്രീ. ശ്രീകാന്ത് റ്റി.ആർ, സെക്രട്ടറി |
| 1-39 | 85853 | ശ്രീ. ശ്രീകാന്ത് റ്റി.ആർ, സെക്രട്ടറി |
| ആകെ | 2769919 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം | സ്ഥിര വിലാസം |
|---|---|---|
| ശ്രീ ശ്രീകാന്ത് റ്റി. ആർ. ,സെക്രട്ടറി | സെക്രട്ടറി , വിജയപുരം പഞ്ചായത്ത് | ശ്രീ. ശ്രീകാന്ത് റ്റി.ആർ താഴെത്തേടത്ത്, പൂഞ്ഞാർ പി.ഒ, പനച്ചിപ്പാറ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 &1991-92 | എൽ.എഫ്.കെ.പി3-809/95/ 05.01.1996 | - |
| 1992-93,1993-94, 1994-95,1995-96 | എൽ.എഫ്.കെ.പി12-1949(1)/2019 /13.07.2020 | 1 |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 4 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി11-699/അദാ/14/ | 1 |

| | | |
|---|---|---|
| | 28.03.2015 | |
| 1999-00(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(3)/18/ 19.02.2018 | 22 |
| 2000-01 & 2001-02(Plan) | എൽ.എഫ്.കെ.പി11-730/അദാ/14/ 07.01.2015 | 5 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(4)/18/ 19.02.2018 | 6 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(5)/18/ 19.02.2018 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി12/13/2020 തീയതി 10.02.2020 | 6 |
| 2007-08 | എൽ.എഫ്.കെ.പി1-960/അദാ /J1/11(11)/ 22.08.2011 | 16 |
| 2008-09 | എൽ.എഫ്.കെ.പി11-272/12/ 10.01.2013 | 5 |
| 2009-10 | എൽ.എഫ്.കെ.പി11-273/12/ 10.01.2013 | 12 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(7)/18/ 16.02.2018 | 23 |
| 2011-12 | എൽ.എഫ്.കെ.പി11-957/13/ 10.02.2014 | 19 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11-1084/15/ 11.09.2015 | 19 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11-781/16/ 18.08.2016 | 18 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/1370/17/ 30.05.2017 | 29 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12/599/17/ 18.12.2017 | 33 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1476/17/ 28.12.2017 | 21 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി12-1270/19/ 26.4.2019 | 15 |
| 2018-19 | കെ.എസ്.എ- | 18 |

| | | |
|---|---|---|
| | കെ.ടി.എം.പി12-186/2020/ 21.07.2020 | |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി12-493/2022/ 31.03.2022 | 54 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്